ദി
# ഡിഫൻഡർ

Vol. No. 11 Issue No. 8 RNI Reg. No. 68089 / 97 Published From Perumbavoor 2008 April 16 Price: Rs.100/- P.A.

# ശാരോൻ റാലിക്കില്ല

കെ.സി.ജോണും ടി.ജെ. ശാമുവലും മറ്റും ചേർന്ന് ഡിസംബർ 22ന് തിരുവനന്തപുരത്തു നടത്തുന്ന പെന്തക്കോസ്ത് രാഷ്ട്രീയ ശക്തിപ്രകടന റാലിയുമായി സഹകരിക്കേണ്ടതില്ലെന്ന് ശാരോൻ ഫെലോഷിപ്പ് ചർച്ച് ഔദ്യോഗികമായി തീരുമാനിച്ചു. ഏപ്രിൽ 11ന് തിരുവല്ല ശാരോനിൽ നടന്ന കൗൺസിൽ യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്. സഭയുടെ തീരുമാനം കെ.സി.ജോണിനേയും കൂട്ടരേയും ഔദ്യോഗികമായി അറിയിക്കാൻ സഭാസെക്രട്ടറിയായ ടി.പി.ഏബ്രഹാമിനെ കൗൺസിൽ ചുമതലപ്പെടുത്തുകയും ചെയ്തു.

പെന്തക്കോസ്ത് സഭകളുടെ ഒരു ഐക്യവേദി ഉണ്ടാക്കുന്നതായി പ്രചരിപ്പിച്ചാണ് കെ.സി.ജോണും ടി.ജെ.ശാമുവലും ഇതര സഭകളുടെ നേതാക്കൻമാരെ ആദ്യ യോഗങ്ങളിൽ പങ്കെടുപ്പിച്ചത്. അതുകൊണ്ട് ശാരോനെ പ്രതിനിധീകരിച്ച് പ്രസിഡന്റായ ടി.ജി.കോശിയും പങ്കെടുത്തിരുന്നു. എന്നാൽ കെ.സി.ജോണിന്റേയും ടി.ജെ.ശാമുവലിന്റേയും രാഷ്ട്രീയ ലക്ഷ്യങ്ങൾ വ്യക്തമായതോടെ ശാരോൻ നേതൃത്വം പിൻമാറാൻ തീരുമാനിക്കയാണുണ്ടായത്. ശാരോൻ കൗൺസിൽ ഏകസ്വരത്തിലാണ് ഈ രാഷ്ട്രീയക്കളിക്കെതിരെ പ്രതികരിച്ചത്. വീണ്ടുംജനനം പ്രാപിച്ച ദൈവമക്കളുടെ തലയെണ്ണി കണക്കുകൊടുത്ത് കെ.സി.ജോണും ടി.ജെ.ശാമുവലും മറ്റും സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ ശ്രമിക്കയാണെന്നുള്ള വസ്തുത സാമാന്യബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലായിക്കഴിഞ്ഞു. ഇതിനു പിൻതുണ കൊടുക്കുന്നത് ദൈവസഭയ്ക്കു ചേർന്നതല്ല എന്ന പൊതു വികാരമാണ് കൗൺസിലിൽ ഉണ്ടായത്.

റാലിയുടെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന നിക്ഷിപ്ത താല്പര്യം ബോദ്ധ്യമായതോടെ പി.സി.ഐ ഈ പരിപാടിയിൽ നിന്ന് പിൻമാറിയിരുന്നു. പി.സി.ഐയുടെ ഔദ്യോഗിക ഭാരവാഹികൾ റാലിയുമായി സഹകരിച്ചാൽ അത് തെറ്റായ സന്ദേശം നൽകുമെന്നതിനാൽ റാലിയുടെ ഒരു വൈസ് പ്രസിഡന്റായ തോമസ് വടക്കേക്കുറ്റ് ഉൾപ്പെടെയുള്ള പി.സി.ഐ നേതാക്കൻമാർ ഔദ്യോഗിക പദവികൾ ഉപേക്ഷിച്ചിരുന്നു. മറ്റൊരു വൈസ് പ്രസിഡന്റായ ടി.ജി.കോശിയും ഇപ്പോൾ പിൻമാറുന്നു. പെന്തക്കോസ്തിൽ വിവരദോഷികൾക്കു പഞ്ഞമില്ല. അതുകൊണ്ട് റാലിയിൽ പങ്കെടുക്കാൻ കുറെ ആളുണ്ടാകുമെന്നു തീർച്ച. പക്ഷേ ബുദ്ധിയുള്ളവരും പെന്തക്കോസ്തിലുണ്ട്. ആകയാൽ കെ.സി., ടി.ജെ. തുടങ്ങിയവരുടെ പദ്ധതി എളുപ്പത്തിൽ വിജയിക്കില്ല.

## റാലിക്കു പിന്നിൽ ആഞ്ഞിലിക്ക

കെ.സി.ജോണും ടി.ജെ.ശാമുവലും പെന്തക്കോസ്ത് ശക്തി പ്രകടനത്തിന് ഇറങ്ങിത്തിരിച്ചിക്കുന്നത് ആഞ്ഞിലിക്കാ എന്നോ മറ്റോ പേരുള്ള മഠത്തിലമ്മയുടെ കള്ളപ്രവചനത്തിന്റെ ബലത്തിലാണെന്ന് അറിയാൻ കഴിഞ്ഞു. 2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകുമെന്നും ക്രിസ്ത്യാനികളാകും ഇന്ത്യ ഭരിക്കുന്നതെന്നും മറ്റും ടി.ജെ.ശാമുവൽ കള്ളപ്രവചനം നടത്താൻ തുടങ്ങിയിട്ട് വർഷം എട്ടായി. എന്നിട്ടും ക്രിസ്ത്യാനികളുടെ എണ്ണത്തിൽ അര ശതമാനത്തിന്റെ വർദ്ധനവുപോലും ഉണ്ടായിട്ടില്ല. അങ്ങനെയിരിക്കുമ്പോഴാണ് ആഞ്ഞിലിക്ക ഇതേപ്രവചനവുമായി എത്തിയത്. ടി.ജെ.ശാമുവൽ തന്റെ തെറ്റാവരം ഉപയോഗിച്ച് ആഞ്ഞിലിക്കയുടെ പ്രവചനം ദൈവീകമായി പ്രഖ്യാപിച്ചു. ഇപ്പോൾ കെ.സി.ജോണും ഈ കള്ളപ്രവചനം അംഗീകരിക്കുന്നു. റാലി നടത്തി രാഷ്ട്രീയ ശക്തി തെളിയിക്കാൻ കെ.സി.ജോണിന് പ്രചോദനമായത് ആഞ്ഞിലിക്കയുടെ ഈ കള്ളപ്രവചനമാണ്.

# ഇവനെ സൂക്ഷിക്കുക



ഇവൻ ആരാണെന്ന് ആദ്യംതന്നെ പറയാം: പേര് എൻ.ജി. രാജു. തൊടുപുഴയ്ക്ക് അടുത്തുള്ള കരിങ്കുന്നം എ.ജിയുടെ പ്ലാസ്റ്ററാണ്. പ്രധാന തൊഴിൽ: വ്യഭിചാരം. ഉപതൊഴിൽ: ഉപദേശിപ്പണി. ഇത്രയും മുഖവുര.

തൊടുപുഴ ഏരിയായിൽ കക്ഷി വന്നിട്ട് ചില വർഷങ്ങളായി. മുൻപ് വടാട്ടുപാറ എ.ജിയിലെ ശുശ്രൂഷകനായിരുന്നു. അവിടെ നിരവധി വ്യഭിചാരങ്ങൾ നടത്തി. അതിൽ ഒരെണ്ണം പിടിക്കപ്പെട്ടു. ആ സ്ത്രീയെ ഭർത്താവ് ഉപേക്ഷിച്ചു. അവരുടെ കുടുംബം തകർന്നു.

പിന്നീട് വാഴക്കുളം എ.ജിയിൽ എത്തി. അവിടെയും കൃഷി ഇതുതന്നെ. രക്ഷിക്കപ്പെടാത്ത ഭർത്താവും മകനുമുള്ള ഒരു സ്ത്രീയെ കയറി പിടിച്ച സംഭവം ആ സ്ത്രീ പരമ രഹസ്യമാക്കി വച്ചതുകൊണ്ട് ഇയാളുടെ തല പോയില്ല. ഒരു എം.റ്റി.എച്ച് കാരനും തിരുവല്ലാക്കാരനായ മറ്റൊരു വിശുദ്ധനും ചേർന്ന് ഗോവയിൽ നടത്തിയ ഒരു പെൺവാണിഭത്തിൽ ഇയാൾ ഇടനിലക്കാരനായതും ഈ സഭയിൽ ആയിരിക്കുന്ന സമയത്താണ്. ഏതായാലും കാലാവധി തികയ്ക്കാതെയാണ് ഈ ചങ്ങാതി വാഴക്കുളം വിട്ടത്.

വാഴക്കുളത്തുനിന്നും കരിങ്കുന്നത്തെത്തി. ഈ സഭയിൽ വച്ചാണ് ഇയാൾ വ്യഭിചാരത്തിന്റെ അനന്തസാദ്ധ്യതകൾ ശരിക്കും മനസ്സിലാക്കിയത്. സഭയിലെ സെക്രട്ടറിയുടെ ഭാര്യയാണ് ഇയാളുടെ പ്രധാന പിമ്പ്. പലനാൾ കള്ളൻ ഒരുനാൾ പിടിപെടും എന്നാണല്ലോ ചൊല്ല്. സഹികെട്ട നാട്ടുകാർ അടുത്തകാലത്ത് ഇയാളെ ശരിക്കൊന്നു കാകാര്യം ചെയ്തു. എങ്കിലും ഇയാൾ നന്നായില്ല.

മറ്റൊരു സഭയിൽ അംഗമായ ഒരു സ്ത്രീയെ ഇയാൾ ഈയിടെ തികച്ചും യാദൃച്ഛികമായി പരിചയപ്പെട്ടു. ഭർത്താവിനും മകനും ആത്മീയ വിഷയങ്ങളിൽ താല്പര്യമില്ലെന്നും മറ്റും ആ സ്ത്രീ ഇയാളോട് പരാതി പറഞ്ഞു. ഇയാൾ ഒരു പരിഹാരം നിർദ്ദേശിച്ചു. ഇയാളുടെ സഭയിൽ അടുത്ത ദിവസം ഉപവാസപ്രാർത്ഥന നടക്കുന്നുണ്ട്. വന്നാൽ വിടുതൽ ഉറപ്പ്. അങ്ങനെ ആ സ്ത്രീ ഉപവസിക്കാനെത്തി. പക്ഷേ ഇയാളല്ലാതെ മറ്റാരും അവിടെയില്ല. ഭാര്യയുൾപ്പെടെ എല്ലാവരേയും ഇയാൾ അവിടെനിന്നും അകറ്റിയിരുന്നു. എന്തിനേറെ പറയുന്നു, ഇയാൾ ആ സ്ത്രീയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു. അവർ ഒരുവിധത്തിൽ രക്ഷപ്പെട്ടു.

തങ്ങളെ വിശ്വാസത്തിലേക്കു നയിച്ച പാസ്റ്ററോട് ഈ സ്ത്രീ സംഭവമെല്ലാം പറഞ്ഞു. അങ്ങനെ കളി കാര്യമായി. എ.ജിയിലെ ചില വിശ്വാസികളും പാസ്റ്റർമാരും പ്രശ്നത്തിൽ ഇടപെട്ടു. സഭാനേതൃത്വത്തിന് പരാതിയും കിട്ടി. പക്ഷേ എ.ജിയിലെ നേതാക്കൻമാർ വ്യഭിചാരത്തെ പാപങ്ങളുടെ പട്ടികയിൽ നിന്നും നീക്കിയ കാര്യമൊന്നും പരാതി കൊടുത്ത പാവങ്ങൾ അറിഞ്ഞിരുന്നില്ല.

ചുമ്മാഡോ ബാബു ജോർജ്, എ.ഷാജി തുടങ്ങിയ പരമ വിശുദ്ധരാണ് അന്വേഷണത്തിനെത്തിയത്. നാലഞ്ചു മദ്യപൻമാരുടെ അകമ്പടിയോടെയാണ് പ്രതിയായ രാജു പ്ലാസ്റ്റർ വന്നത്. ഈ മദ്യപൻമാർ സാക്ഷികളെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കയും ചെയ്തു. എങ്കിലും സാമാന്യ ബോധമുള്ള ആർക്കും ബോദ്ധ്യമാകുന്നവിധത്തിലുള്ള തെളിവുകൾ ലഭിച്ചു. പക്ഷേ രാജുവിനെതിരെ നടപടിയെടുക്കാൻ എ.ജി നേതൃത്വം തയ്യാറായില്ല. അതുകൊണ്ട് പൊതുജനങ്ങൾക്കു മുന്നറിയിപ്പു നൽകാനായി ഡിഫെൻഡർ ഈ വാർത്ത പ്രസിദ്ധീകരിക്കയാണ്.

# എം. എസ്. സാമുവലിനും ആഭരണം സ്വീകാര്യം



ഐ.പി.സിയുടെ വരും കാല പ്രസിഡന്റായ എം.എസ്. സാമുവലിനും ആഭരണവിരോധം അശ്ശേഷമില്ല. ആഭരണധാരണം അനുവദനീയമാണെന്ന് ഐ.പി.സിയുടെ ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാം പ്രസ്താവിച്ചപ്പോൾ എം.എസ്.സാമുവൽ അത് പ്രവൃത്തിയിലൂടെ ചിക്കാഗോയിൽ തെളിയിച്ചു.

ചിക്കാഗോയിൽ ഈയിടെ നടന്ന ഒരു വിവാഹമാണ് രംഗം. വിവാഹത്തിന്റെ നേതൃത്വം എം.എസ്.സാമുവലിനാണ്. വധു എത്തിയത് സർവ്വാഭരണ വിഭൂഷിതയായിട്ടാണ്. (പത്തുകിലോ സ്വർണ്ണമെങ്കിലും അണിഞ്ഞിരുന്നു എന്നാണ് ഒരു ദൃക്സാക്ഷി പറഞ്ഞത്). എന്നിട്ടോ? എന്നിട്ട് ഒന്നുമില്ല. വിവാഹം 'പൂർവ്വാധികം ഭംഗിയായി' നടന്നു. എം.എസ്. സാമുവൽ വധൂവരൻമാരെ അനുഗ്രഹിച്ചു. അവർക്ക് ഗജകേസരി യോഗമുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചു. ആമേൻ.

ആഭരണം ഇടുന്നതു പോയിട്ട് മുഖത്ത് അല്പം പൗഡറിട്ടാൽ പണ്ട് ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകളിൽനിന്ന് മറഹോൻ ചൊല്ലുമായിരുന്നു. പെന്തക്കോസ്ത് വിശ്വാസികളായ സഹോദരിമാർ ആഭരണത്തിന്റെ പേരിൽ അനുഭവിച്ചിട്ടുള്ള കഷ്ടനഷ്ടങ്ങൾ വർണ്ണനാതീതമാണ്. ഇപ്പോഴിതാ ആഭരണം പാപമല്ലാതായിരിക്കുന്നു. ആർക്കാണു തെറ്റിയത്?

ആഭരണമിട്ടവർക്ക് തിരുവത്താഴം കൊടുക്കാൻ പാടില്ലെന്ന് ഐ.പി.സിയുടെ കേരള ഘടകം തീരുമാനമെടുത്തിട്ട് ആഴ്ചകളേ ആയുള്ളൂ. അതിനിടയിലാണ് ജനറൽ സെക്രട്ടറിയുടെ പ്രഖ്യാപനവും ഭാവിയിലെ പ്രസിഡന്റിന്റെ കർമ്മയോഗവും. ഐ.പി.സിക്കാരെ ദൈവം രക്ഷിക്കട്ടെ.

സോറി, ഇക്കണക്കിനു പോയാൽ ഐ.പി.സിക്കാരെ ദൈവത്തിനുപോലും രക്ഷിക്കാനാവില്ല. നേതാക്കൻമാർക്ക് തോന്നുംപടി മാറ്റിമറിക്കാനുള്ളതാണോ ഐ.പി.സിയുടെ ചട്ടങ്ങളെന്ന് അറിഞ്ഞാൽ കൊള്ളാം. പണവും പ്രതാപവുമുള്ള മഹതികൾക്ക് ആഭരണം ഉപയോഗിക്കാം. പാവപ്പെട്ടവർക്ക് നിറമുള്ള സാരിപോലും നിഷിധം. ഇതെന്താ വെള്ളരിക്കാപ്പട്ടണമോ?

ആഭരണം ഉപയോഗിക്കുന്നത് അനുവദനീയമാണോ അല്ലയോ എന്ന് ഐ.പി.സിയുടെ ജനറൽ കൗൺസിൽ തീരുമാനിക്കം. തീരുമാനം എന്തായാലും അത് ഐ.പി.സിയുടെ എല്ലാ ഘടകങ്ങളും അനുസരിക്കണം. ആഭരണം ധരിക്കുന്നതിൽ തെറ്റില്ലെന്നാണ് തീരുമാനമെങ്കിൽ കേരളത്തിൽ ഉൾപ്പെടെയുള്ള എല്ലാവർക്കും ആഭരണം ധരിക്കാനുള്ള അനുവാദം നൽകണം. ആഭരണവർജ്ജനം പഴയപടി തുടരണമെന്നാണ് തീരുമാനമെങ്കിൽ വൽസനും എം.എസ്സും ഉൾപ്പെടെയുള്ള എല്ലാ മുഴുത്തവൻമാരും അത് അനുസരിക്കണം, അനുസരിപ്പിക്കണം.

# സി. ഡി സൗജന്യ നിരക്കിൽ

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന ഉപദേശ വിഷയങ്ങളായ വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം, പ്രാർത്ഥന, കൂട്ടായ്മ, വിശ്വാസജീവിതം എന്നിവ അടങ്ങുന്നതും 10 മണിക്കൂർ ദൈർഘ്യമുള്ളതുമായ എം.പി.3 സി.ഡി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. (വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ എന്ന സി.ഡി പരമ്പരയിലെ ആദ്യ സി.ഡിയാണിത്. 100 രൂപ വിലയുള്ള ഈ സി.ഡി ഇപ്പോൾ താഴെ പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്. (പോസ്റ്റേജ് സൗജന്യം).

ഒരു സി.ഡി – 50 രൂപ. മൂന്നു കോപ്പികൾക്ക് 100 രൂപ മാത്രം. 250 രൂപക്ക് 10 കോപ്പികൾ ലഭിക്കുന്നു. 1000 രൂപക്ക് 50 കോപ്പികൾ.

രക്ഷിക്കപ്പെടാത്തവർ, ആത്മീയ ശിശുക്കൾ തുടങ്ങിയവർക്ക് വിതരണം ചെയ്യാനാണ് ഈ സി.ഡി ഇപ്രകാരം വിലകുറച്ചു കൊടുക്കുന്നത്. (വീട്ടിൽ ഒരു ബൈബിൾ സ്കൂൾ, പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ എന്നീ പരമ്പരയിലെ മറ്റു സി.ഡികൾക്ക് ഈ സൗജന്യം ലഭ്യമല്ല). സി.ഡി ആവശ്യമുള്ളവർ റ്റി.എസ്.ബാലന്റെ വിലാസത്തിൽ പണം അയക്കുക. നിങ്ങളുടെ വിലാസവും ഫോൺ നമ്പറും എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 94474 14608

ദി ഡിഫെൻഡർ

Vol. No.11 Issue No. 8 2008 April 16

# സത്യസുവിശേഷം ആർക്കും വേണ്ട

സത്യസുവിശേഷം ആർക്കും വേണ്ട എന്നു പറഞ്ഞാൽ അത് അതിശയോക്തിയാകുമെന്നറിയാം. അതുകൊണ്ട് അല്പം പരിഷ്ക്കരിച്ചു പറയട്ടെ: സത്യസുവിശേഷം മിക്കവർക്കും വേണ്ടാതായിരിക്കുന്നു. മിക്കവർക്കും എന്നു പറയുമ്പോൾ പെന്തക്കോസ്തുകാർ ഉൾപ്പെടെയുള്ള എല്ലാവരേയുമാണ് അർത്ഥമാക്കുന്നത്. ഈ പറയുന്നതു ശരിയല്ല എന്നു തോന്നുന്നവർ ഒരു പരീക്ഷണം നടത്തിനോക്കുക.

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാതെ ആരും നിത്യജീവൻ പ്രാപിക്കയില്ല, രക്ഷിക്കപ്പെട്ടവർ വിശ്വാസസ്നാനം സ്വീകരിച്ചേമതിയാകൂ, വിശ്വാസജീവിതത്തിന് പരിശുദ്ധാത്മസ്നാനം അത്യന്താപേക്ഷിതമാണ്, രക്ഷിക്കപ്പെട്ടവർ രക്ഷിക്കപ്പെടാത്തവരുമായി ഇണയല്ലാപ്പിണ കൂടരുത് എന്നിവയിൽ വിശ്വസിക്കുന്നുണ്ടോ എന്ന് കണ്ണിൽ കാണുന്നവരോടെല്ലാം ചോദിച്ചുനോക്കൂ. അന്യമതക്കാരും നാമധേയ ക്രൈസ്തവരും ഇവ വിശ്വസിക്കുന്നില്ലെന്നു തീർച്ച. അതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യവുമില്ല. എന്നാൽ രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നവർ പറയുന്ന മറുപടി എന്തായിരിക്കും?

യേശുക്രിസ്തുവിനെ അംഗീകരിക്കുന്ന ഏവരും രക്ഷിക്കപ്പെടും എന്ന് പറയുന്ന പെന്തക്കോസ്തുകാരെ നിങ്ങൾ കണ്ടെത്തും. യേശുക്രിസ്തുവിനെ അറിയാത്തവർ പോലും രക്ഷിക്കപ്പെടുമെന്നു പറയാനും ചില പെന്തക്കോസ്തുകാർ തയ്യാറാകും. സ്നാനം ആവശ്യമാണെങ്കിലും നിർബ്ബന്ധമല്ല എന്നു പറയുന്നവർ ഏറെയുണ്ട്. രക്ഷിക്കപ്പെട്ടവരെല്ലാം പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണെന്നു പറയുന്ന പെന്തക്കോസ്തുകാരുടെ എണ്ണം കൂടിവരുകയാണ്. വേർപാട് എന്നൊന്ന് ആവശ്യമില്ലെന്നു പറയുന്നവരാണ് ഭൂരിപക്ഷവും.

സാധാരണക്കാരായ വിശ്വാസികളാണ് ഇങ്ങനെയൊക്കെ പറയുന്നതെങ്കിൽ അത് അവരുടെ അറിവില്ലായ്മകൊണ്ടു പറയുകയാണ് എന്നു കരുതാം. പക്ഷേ പെന്തക്കോസ്ത് നേതാക്കൻമാർ തന്നെ ഇങ്ങനെ പറയാൻ തുടങ്ങിയാലോ? ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ ഏറ്റവും വലിയ നേതാവായ ടി.എസ്.ഏബ്രഹാം തിരുമേനിമാരുമായി കൈകോർത്ത് ബൈന്റ് അസ് ടുഗതർ പാടി. കെ.സി.ജോൺ ചാനലിലൂടെ പ്രചരിപ്പിക്കുന്ന സുവിശേഷത്തിൽ സ്നാനവും വേർപാടും മറ്റുമില്ല. ചാനലിന് ആശീർവാദം ചൊരിഞ്ഞുകൊണ്ട് തിരുമേനിമാർ നിൽക്കുന്നു. സത്യസുവിശേഷം മിക്കവർക്കും വേണ്ടാതായിരിക്കുന്നു എന്നു വ്യക്തമല്ലേ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

വിദേശം: (വാർഷിക വരിസംഖ്യ)

അമേരിക്ക: 30 ഡോളർ

മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

അരിയെവിടെ, തുണിയെവിടെ, പറയൂ പറയൂ സർക്കാരേ എന്ന മുദ്രാവാക്യം മുഴങ്ങിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് അരിക്കും തുണിക്കും കടുത്ത ക്ഷാമമായിരുന്നു. പക്ഷേ അടുത്ത കാലത്തൊന്നും ഈ മുദ്രാവാക്യം വിളിക്കേണ്ടതായി വന്നിട്ടില്ല. അരിക്കും തുണിക്കും ക്ഷാമമില്ല എന്നതുതന്നെ കാരണം. പക്ഷേ ഇപ്പോൾ അരിക്ഷാമം കലശലായിരിക്കുന്നു. അരി കിട്ടാനേയില്ല. ഉടനെയൊന്നും കിട്ടുമെന്നും തോന്നുന്നില്ല. മന്ത്രി പറഞ്ഞതുപോലെ പാലു കുടിച്ച് കോഴിക്കറിയും തൊട്ടുനക്കി ഇനിയുള്ളകാലം ജീവിക്കേണ്ടതായി വന്നേക്കാം.

ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്തും കടുത്ത അരിക്ഷാമം ഉണ്ടായിരുന്നു. ''നാഴിയരിക്ക് നാലണയായി, നാണമില്ലേ നമ്പൂരീ? എന്നായിരുന്നു അന്നത്തെ മുദ്രാവാക്യം.'' പക്ഷേ അണ എന്നാൽ എന്തെന്നുപോലും ഇന്നത്തെ തലമുറക്ക് അറിഞ്ഞുകൂടാ. 25 പൈസയാണ് നാലണ. നാഴിയരി എന്നത് ഏകദേശം 350 ഗ്രാം ഉണ്ടാകും. അരി ഉൾപ്പെടെ എല്ലാ ധാന്യങ്ങളും അന്ന് അളന്നാണ് കൊടുത്തിരുന്നത്. നാലുനാഴി ഒരു കുറ്റി എന്നതാണ് കണക്ക്. ഒരുകുറ്റി അരിക്ക് ഒരുരൂപ വില കൊടുക്കണമായിരുന്നു അന്ന്. ഒരു പുരുഷൻ ഒരു ദിവസം മുഴുവൻ അധ്വാനിച്ചാൽ ഒരുരൂപ തികച്ചു കിട്ടാത്ത കാലമാണത്.

ഏതാനും വർഷം കഴിഞ്ഞപ്പോൾ ലിറ്റർ എത്തി. (വിദ്യാഭ്യാസമില്ലാത്തവർ നിക്കർ എന്നും പറഞ്ഞു). ഒരു ലിറ്റർ എന്നത് മൂന്നുനാഴിയാണ്. അക്കാലമായപ്പോഴേക്കും ഒരുലിറ്റർ അരിക്ക് ഒരുരൂപ കൊടുക്കണമെന്ന നിലവന്നു. കൂലിയിൽ കാര്യമായ വർദ്ധന ഉണ്ടായതുമില്ല. പക്ഷേ ആ കാലമൊക്കെ പോയി. ഇപ്പോൾ കൂലിപ്പണിക്കാരന് 150–200 രൂപ കൂലിയുണ്ട്. അരിക്ക് ഏകദേശം 20 രൂപയാണ് വില. അന്ന് ഒരു ദിവസം വേലചെയ്താൽ ഒരു ലിറ്റർ അരിവാങ്ങാൻ കഴിയുമായിരുന്നു. ഇന്ന് ഒരുദിവസത്തെ കൂലികൊണ്ട് ഏഴോ എട്ടോ കിലോഗ്രാം അരി വാങ്ങാം. കാലം പോയ പോക്കേ.

ഓർക്കാപ്പുറത്ത് മഴവന്നതോടെ രാഷ്ട്രീയക്കാർക്ക് കൊയ്ത്തായി. കൊയ്ത്തു നടക്കാത്തതു പ്രശ്നം, നെല്ലു കിളിർത്തതുപ്രശ്നം, ഉമ്മൻ ചാണ്ടിയും കൂട്ടരും കൊയ്തതും പ്രശ്നം. അതിനിടയിലാണ് മണ്ണൂത്തിയിൽ നിന്നും വൈസ് ചാൻസിലറും കുട്ടികളും എത്തി കൊയ്ത്തു നടത്തിയത്. ആകെ മൊത്തം ടോട്ടൽ ചെലവ് 25,000 രൂപ. കൂലിക്ക് ആളെ നിർത്തി കൊയ്തിരുന്നെങ്കിൽ അത്രയും നെല്ലു കൊയ്യാൻ ആയിരം രൂപ പോലും ചെലവാകുമായിരുന്നില്ല. കുട്ടികൾക്ക് കൊയ്ത്തിൽ പ്രായോഗിക പരിശീലനം നൽകാനാണ് കൊയ്ത്തു നടത്തിയതെന്ന് വി.സി പറയുന്നു. അത് ഏതായാലും നന്നായി. നെല്ലു വളരുന്നത് കണ്ടത്തിലാണെന്നും അത് കൊയ്തെടുക്കേണ്ട സാധനമാണെന്നും മറ്റും കുട്ടികൾക്ക് മനസ്സിലായല്ലോ. പക്ഷേ എന്തിലും ഏതിലും കയറി പ്രശ്നമുണ്ടാക്കുന്ന സഹകരണമന്ത്രി ഇവിടെയും പ്രശ്നമുണ്ടാക്കിയിരിക്കുന്നു. വി.സിയെ പിരിച്ചുവിടണമത്രേ. കൃഷി പഠിപ്പിക്കുന്ന വി.സി കൊയ്യാൻ പഠിപ്പിച്ചതു തെറ്റാണോ മാളോരേ?

മഴമൂലമുണ്ടായ നഷ്ടം വിലയിരുത്താൻ പതിവുപോലെ കേന്ദ്രസംഘം എത്തി. നടപടിക്രമങ്ങളും പഴയതുപോലെ. ചുട്ടുപൊള്ളുന്ന വെയിലിൽ നിന്ന് അവർ വിലയിരുത്തൽ നടത്തി. ഇത്തവണ ഏറെയൊന്നും തിന്നുമുടിച്ചില്ലെന്നത് ആശ്വാസകരം തന്നെ. കേന്ദ്രത്തിൽ നിന്നു വല്ലതും കിട്ടുമോ? അത് പറയാറായിട്ടില്ല. (പിന്നാലെ പാർക്കലാം).

വേനൽ മഴ കൃഷിക്കാരെ മാത്രമല്ല പാസ്റ്റർമാരേയും കുഴച്ചു. വലിയ പബ്ലിസിറ്റി കൊടുത്ത്, ലക്ഷങ്ങൾ ചെലവിട്ട് നടത്തിയ പല കൺവെൻഷനുകളും മഴമൂലം അലങ്കോലമായി. ''പ്രാർത്ഥിച്ച് മഴ മാറ്റാൻ പറ്റില്ലേ'' എന്നു ചോദിച്ചവരോട് മറുപടി പറയാൻ അത്ഭുതവീരൻമാർ ഏറെ ബുദ്ധിമുട്ടുകയും ചെയ്തു. രോഗം മാറ്റുന്ന ദൈവത്തിന് മഴ മാറ്റാൻ പറ്റില്ലെന്നു പറയുന്നതെങ്ങനെ?

വചനം അരച്ചുകലക്കി കുടിച്ചയാളാണ് കെ.എ.ഏബ്രഹാമെന്ന് ഏവർക്കും അറിയാം. ഈ ചങ്ങാതിയും അനുജനുംകൂടി കോട്ടയത്ത് ക്രൂസേഡ് നടത്താൻ എത്തുന്നതറിഞ്ഞ് പട്ടണം കോരിത്തരിച്ചു. കോട്ടയത്തിന്റെ മഹാഭാഗ്യം എന്ന് ഏവരും പറഞ്ഞു. പക്ഷേ ഈ ക്രൂസേഡിന്റെ ഹിഡൻ അജണ്ട കോട്ടയംകാർക്കു പിടികിട്ടിയില്ല. ഈ വൈകിയ വേളയിൽ അതു വെളിപ്പെടുത്തുന്നതുകൊണ്ട് കാര്യമായ പ്രയോജനമൊന്നുമില്ലെങ്കിലും ''ബെറ്റർ ലേറ്റ് ദാൻ നെവർ'' എന്നൊരു ചൊല്ലുള്ളതുകൊണ്ട് പറയാം: ശാരോന് കോട്ടയം പട്ടണത്തിൽ ഒരു പ്രവർത്തനം തുടങ്ങുക എന്നതായിരുന്നു ശ്രീമാൻ അവറാന്റെ പദ്ധതി. ചേട്ടനും അനുജനുംകൂടി പ്രസംഗിക്കുമ്പോൾ ജനം കൂട്ടത്തോടെ മാനസാന്തരപ്പെടുമെന്നും അവരെ ഒന്നുചേർത്ത് ശാരോന്റെ വേല ആരംഭിക്കാമെന്നും ആയിരുന്നു പദ്ധതി.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്ന് നടിച്ച്, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ......... സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു. (2 തെസ്സ. 2: 3,4,11,12)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# ശാപം: ബെന്നിഹിൻ വഹ



ബെന്നിഹീനിൽ പ്രവർത്തിക്കുന്നത് ദുരാത്മാവാണെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ല. പൗലോസിനേക്കാൾ വലിയ ശുശ്രൂഷകനാണ് ബെന്നിഹീൻ എന്നു പറയുന്ന എം.എ. വർഗീസിനേപ്പോലുള്ളവർ സാധുക്കളെ വഴിതെറ്റിക്കയാണ്.

തന്റെ ശുശ്രൂഷകളെ ആരെങ്കിലും ചോദ്യം ചെയ്യുന്നത് ബെന്നിഹീന് ഇഷ്ടമല്ല. ലോകമെമ്പാടുമുള്ള അത്ഭുത വീരൻമാർ ഈ വിധത്തിലുള്ളവരാണ്. എം.എ.വർഗീസ് തന്നെ നല്ല ഉദാഹരണം. തന്നെ ചോദ്യം ചെയ്യുന്നവരെ ശപിച്ച് നേരേ നരകത്തിലേക്കു വിട്ടുകളയും ആ പരമ പുണ്യാളൻ. തങ്കു, തോമസ്കുട്ടി തുടങ്ങിയവരും മേല്പടിതന്നെ.

ബെന്നിഹീനിന്റെ കലാപരിപാടികൾ സാത്താന്യമാണെന്നു മനസ്സിലാക്കിയിട്ടുള്ള നിരവധി ദൈവദാസൻമാർ ഈ ലോകത്തുണ്ട്. അവർ ബെന്നിഹീൻ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ തുറന്ന യുദ്ധംതന്നെ പ്രഖ്യാപിച്ചിട്ടുമുണ്ട്. അവരെയെല്ലാം ബന്നിഹീൻ ശപിക്കുന്നു. തന്റെ ശുശ്രൂഷകളെ വിമർശിക്കുന്നവരുടെയെല്ലാം മേൽ ബെന്നിഹീൻ സ്ഥിരമായി ശാപം ചൊരിഞ്ഞിരിക്കയാണ്.

ഡിഫെൻഡർ സത്യം പറയുമ്പോൾ അത് പച്ചക്കള്ളമാണെന്നു പ്രചരിപ്പിച്ച് തടിതപ്പാൻ ശ്രമിക്കുന്നവർ നിരവധിയുണ്ട്. ബെന്നിഹീനോടുള്ള ഭക്തി കലശലായുള്ള നിരവധി ആളുകൾ ഡിഫെൻഡറും മറ്റും എഴുതിവിടുന്നത് കള്ളമാണെന്നു പറയാൻ സാദ്ധ്യതയുണ്ട്. അങ്ങനെയുള്ളവരുടെ അറിവിലേക്ക് പറയട്ടെ: തന്റെ ശുശ്രൂഷയെ വിമർശിക്കുന്നവരുടെമേൽ ബെന്നിഹീൻ പരസ്യമായി ശാപം ചൊരിയുന്ന രംഗം വീഡിയോയിൽ കണ്ടശേഷമാണ് ഞങ്ങൾ ഇതെഴുതുന്നത്. ഒരു സഹോദരൻ അയച്ചു തന്ന ആ വീഡിയോ താഴെ കാണുന്ന ലിങ്കിൽ ലഭ്യമാണ്.

**http://www.youtube.com/watch?v=yN8y5o272zo**

# ണ്ടയിലും പോരാട്ടം

സുവിശേഷത്തിനെതിരെയുള്ള പോരാട്ടത്തിൽ പിശാച് 'ണ്ട' ആയുധമാക്കുമെന്ന് ആരും കരുതുകയില്ല. പക്ഷേ കേരളത്തിലെ പിശാച് ഈയിടെ അതും ചെയ്തു. ബോങ്കെ ക്രൂസേഡിന്റെ ഒരു പരസ്യം ഏപ്രിൽ 10ന് മനോരമയിൽ പ്രസിദ്ധീകരിച്ചിരുന്നു. ലക്ഷങ്ങൾ ചെലവു വരുന്ന പരസ്യമാണ്. പക്ഷേ സാത്താൻ ണ്ട രൂപത്തിൽ പോരാടി. കാര്യം പിടികിട്ടിയില്ല, അല്ലേ? വിശദീകരിക്കാം. പരസ്യത്തിലൊരിടത്തും ണ്ട എന്ന അക്ഷരമില്ലായിരുന്നു. ണ്ട വരേണ്ടിടത്ത് ശൂന്യതമാത്രം. ലോകചരിത്രത്തിൽ ആദ്യമായാണ് സാത്താൻ യുദ്ധത്തിനായി ണ്ട ആയുധമാക്കുന്നത്.

എന്താണു സംഭവിച്ചത്? ഉത്തരം വ്യക്തം. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യാനായി ഇന്ന് മിക്കവരും ഉപയോഗിക്കുന്ന ജിസ്റ്റ് എന്ന പ്രോഗ്രാം ഒരു ദശാബ്ദത്തിലധികം മുൻപ് ഉണ്ടാക്കിയതാണ്. ഇപ്പോൾ പ്രചാരത്തിലുള്ള വിൻഡോസ് എക്സ്പിയിൽ മലയാളം ട്രൂ ടൈപ്പ് ഫോണ്ട് ഉപയോഗിക്കുമ്പോൾ ണ്ട, ങ്ക, ഭ എന്നീ അക്ഷരങ്ങൾക്ക് പ്രശ്നമുണ്ടാകും. പ്രിന്റ് ചെയ്യുമ്പോൾ ണ്ട അപ്രത്യക്ഷമാകും. പി.ഡി.ഫ് ആക്കുമ്പോഴും ഇതേപ്രശ്നമുണ്ടാകും. പോസ്റ്റ് സ്ക്രിപ്റ്റ് ഫോണ്ട് ഉപയോഗിക്കയോ വിൻഡോസ് 98 ഉപയോഗിച്ച് പ്രിന്റ് ചെയ്യുകയോ ആണ് പോംവഴി. ചില വേഡ് പ്രൊസസ്സറുകളിൽ ങ്ക, ഭ എന്നീ അക്ഷരങ്ങൾ ഉണ്ടാകില്ല. പരസ്യം ഡിസൈൻ ചെയ്ത വ്യക്തി ഈ വസ്തുത ശ്രദ്ധിക്കാതെപോയതുകൊണ്ടാണ് ണ്ട അപ്രത്യക്ഷമായത്. സാത്താനെ പഴിക്കേണ്ട.

# ബഥേലിന്റെ വിക്രിയകൾ



ബഥേലിന്റെ വിക്രിയകളേക്കുറിച്ച് എഴുതാൻ തുടങ്ങിയപ്പോൾ ഇത്ര വലിയൊരു നീചനാണ് ബഥേൽ എന്ന് ഡിഫെൻഡർ അറിഞ്ഞിരുന്നില്ല. പക്ഷേ ഡിഫെൻഡർ വായിച്ചശേഷം നിരവധി ആളുകൾ ബഥേലിന്റെ വഴിപിഴച്ച ജീവിതത്തേക്കുറിച്ച് ഡിഫെൻഡർ ഓഫീസിൽ വിവരം തരികയുണ്ടായി. അവയെല്ലാം കൂടി പ്രസിദ്ധീകരിക്കണമെങ്കിൽ കുറച്ചധികം പേജുകൾ അതിനായി നീക്കിവെയ്ക്കേണ്ടതായി വരും. പക്ഷേ അതിനു തുനിയുന്നില്ല. പല ലക്കങ്ങളിലായി കഥകൾ മുഴുവൻ പറയാം.

വടക്കേഇന്ത്യയിൽ നടന്ന ഒരു സംഭവമാണ് ഈ ലക്കത്തിൽ പറയുന്നത്. ബഥേലിനോടൊപ്പം പ്രവർത്തിക്കുന്ന രണ്ടു പാസ്റ്റർമാർ, അവരിൽ ഒരാളുടെ ഭാര്യ, ബഥേൽ ഇത്രയും പേരാണ് ഈ കഥയിലുള്ളത്. ഇവർ നാലുപേരുംകൂടി ഒരു കാറിൽ പോകുന്നു. പാസ്റ്റർമാരിൽ ഒരാൾ കാറ് ഓടിക്കുന്നു. മറ്റെയാൾ മുൻസീറ്റിൽ ഇരിക്കുന്നു. ബഥേൽ പിൻസീറ്റിലാണ്. പരമ വിശുദ്ധനായ ബഥേലിനെ അവിശ്വസിക്കേണ്ട കാര്യമില്ലാത്തതിനാൽ പാസ്റ്റർ തന്റെ ഭാര്യയെ പിൻസീറ്റിലാണ് ഇരുത്തിയത്.

കാര്യങ്ങൾ ഇങ്ങനെ സുഗമമായി പുരോഗമിക്കുമ്പോൾ ഒരു പ്രശ്നമുണ്ടായി. വാഹനം ഓടിക്കുന്ന പാസ്റ്റർ പിന്നാലെ വരുന്ന വാഹനം കാണാനായി കണ്ണാടിയിൽ നോക്കിയപ്പോൾ വാഹനത്തിനു പകരം മറ്റൊന്നാണു കണ്ടത്. മറ്റു പത്രക്കാർ തുറന്നെഴുതാൻ മടിക്കുന്ന പലതും ഡിഫെൻഡർ കഴിയുന്നത്ര സഭ്യമായ ഭാഷയിൽ എഴുതാറുണ്ട്. പക്ഷേ പാസ്റ്റർ കണ്ട കാഴ്ച സഭ്യമായ ഭാഷയിൽ എഴുതാനുള്ള ഭാഷാസ്വാധീനം ഡിഫെൻഡറിന്റെ പത്രാധിപർക്കില്ല. അതുകൊണ്ട്, ശേഷം ഭാഗങ്ങൾ സ്ക്രീനിൽ കാണുക എന്ന് പണ്ടൊക്കെ സിനിമ നോട്ടീസിൽ പറയുന്നതുപോലെ, പാസ്റ്റർ കണ്ട കാഴ്ച ഭാവനയിൽ കാണുക എന്നു പറഞ്ഞുകൊണ്ട് കഥ അവസാനിപ്പിക്കുന്നു. (ഭാവനയിൽ കാണാൻ ബുദ്ധിമുട്ടുള്ളവർ ദയവായി വിവരം അറിയിക്കുക. മേല്പടി പാസ്റ്ററുടെ ഫോൺ നമ്പർ തരാം. നേരിട്ടന്വേഷിക്കുക).

# ആരാന്റെ പറമ്പിൽ ഐ.പി.സിക്കു പള്ളി

ആരാന്റെ പറമ്പിൽ ഐ.പി.സിയുടെ പള്ളി (സഭാഹാൾ) പണിയുന്നത് ശരിയായ നടപടിയാണോ? ആണെങ്കിലും അല്ലെങ്കിലും അതാണ് പെരുമ്പെട്ടിയിൽ നടക്കുന്നത്. ഐ.പി.സിക്കുവേണ്ടി പിരിച്ച പണം ഉപയോഗിച്ച് ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചുകഴിഞ്ഞു. സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാനാണ് പണി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തത്.

പെരുമ്പെട്ടി ഐ.പി.സിയുടെ പാസ്റ്ററായ ഏബ്രഹാം ഷാജിയെ ടി.എസ്.ഏബ്രഹാം ഐ.പി.സിയുടെ ഭരണഘടനയ്ക്കു വിരുദ്ധമായി മഹറോൻ ചൊല്ലിയതും കോടതി ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിപറഞ്ഞതും മറ്റും മുൻലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടല്ലോ. ഈ കേസ്സിൽ ടി.എസ്.ഏബ്രഹാമിന്റെ പക്ഷത്തു നിന്നവർ ഇപ്പോൾ വഴിയാധാരമായിരിക്കയാണ്. നിലവിലുള്ള സഭയുടെ രണ്ടു കിലോമീറ്റർ പരിധിക്കുള്ളിൽ പുതിയസഭ പാടില്ല എന്ന് ഐ.പി.സിയിൽ ചട്ടമുള്ളതിനാൽ അടുത്തെങ്ങും സഭാഹാൾ പണിയാനും കഴിയുകയില്ല. ടി.എസ്.ഏബ്രഹാം ഇതൊന്നും കണ്ട ഭാവം നടിക്കാത്തതിൽ അവർക്ക് കടുത്ത അമർഷവുമുണ്ട്.

ഏതായാലും വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടുപിടിച്ചു. നിലവിലുള്ള സഭാഹാളിൽ നിന്ന് ഒരുകിലോമീറ്റർ പോലും ദൂരമില്ലാത്ത ഒരു സ്ഥലത്ത് കെട്ടിടം പണിയുക. ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലമാണിതെങ്കിലും സഭാഹാളാണെന്നു പറയാതെ വെറുമൊരു കെട്ടിടം എന്ന നിലക്കു പണിയുക. പണി തീരുമ്പോൾ അവിടെ ആരാധന നടത്താം. പക്ഷേ ഒരു പ്രശ്നം: സഭാഹാൾ പണിയാൻ പിരിച്ച പണം ഉപയോഗിച്ചു പണിയുന്ന ഈ കെട്ടിടം സ്വകാര്യവ്യക്തി ഭാവിയിൽ വിട്ടുകൊടുത്തില്ലെങ്കിലോ? ആ പ്രശ്നത്തിന് ഉത്തരമില്ല.

# മുല്ലക്കരക്ക് അഭിനന്ദനം

സമുദായക്കാരുടെ ദുരുപദേശങ്ങൾക്കെതിരെ പ്രസംഗിക്കുക എന്നത് അടുത്തകാലം വരെ പെന്തക്കോസ്തുകാരുടെ സ്ഥിരം പരിപാടിയായിരുന്നു. പക്ഷേ ഇണയല്ലാപ്പിണ വേരുറപ്പിച്ചതോടെ സമുദായക്കാരെ പിണക്കാൻ പെന്തക്കോസ്ത് പ്രസംഗകർക്കു ധൈര്യമില്ലാതായി. പക്ഷേ സത്യം അറിഞ്ഞ മുല്ലക്കരയ്ക്ക് മിണ്ടാതിരിക്കാൻ കഴിയുന്നില്ല. സമുദായക്കാരുടെ ദുരുപദേശങ്ങൾക്കെതിരെ അദ്ദേഹം ഇപ്പോൾ ആഞ്ഞടിക്കയാണ്. ഇത്തരം ഒരു പ്രസംഗം ഈയിടെ ക്ലിയർ വിഷനിൽ കണ്ടു. അഭിനന്ദനം. ഡിഫെൻഡറിന്റെ പിൻതുണ അറിയിക്കുന്നു. (ഈ പ്രസംഗം പവ്വർ വിഷൻ സംപ്രേക്ഷണം ചെയ്യുമോ എന്ന് കണ്ടറിയണം).

# അച്ചായനെ കണ്ടവരുണ്ടോ?

വൽസന്റെ തട്ടിപ്പുകളേക്കുറിച്ച് തെളിവു സഹിതം ഡിഫെൻഡർ എഴുതിയപ്പോൾ അതിനെതിരെ സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ പ്രതികരിച്ച കള്ളുകുടിയൻ ഈയിടെയായി മിണ്ടുന്നില്ല. ബാലന്റെ സകല ആസ്തിബാദ്ധ്യതകളും സൗജന്യമായി നൽകാമെന്നു പറഞ്ഞിട്ടും ചങ്ങാതിക്ക് അനക്കമില്ല. അച്ചായനാരെന്ന് ഡിഫെൻഡർ കണ്ടുപിടിക്കുമെന്ന് മാന്യദേഹം കരുതിയിരുന്നില്ല എന്നു വ്യക്തം.

# പൊട്ടനെ ചെട്ടി ചതിച്ചാൽ

പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും എന്നൊരു ചൊല്ലുണ്ട്. പറയാൻ പോകുന്ന കഥയിൽ പൊട്ടനും ചെട്ടിയും മറ്റുമില്ല. ഉള്ളത് ബഥേലും കോട്ടയംകാരനായ ഒരു വിരുതനുമാണ്. സുവിശേഷവേലയ്ക്കെന്നു പറഞ്ഞു പിരിച്ചുണ്ടാക്കുന്ന പണം കൊടുത്ത് ബഥേൽ വ്യഭിചരിക്കയും സ്വന്തം പേരിൽ സ്ഥലം വാങ്ങുകയും മറ്റും ചെയ്തുവരുകയാണല്ലോ. അതിനിടയിൽ കോട്ടയംകാരനായ ഒരു വിരുതൻ ബഥേലിനു വേണ്ടതെല്ലാം കൊടുത്തു പ്രസാദിപ്പിച്ച് അഞ്ചുലക്ഷം രൂപ കടംവാങ്ങി. അവധികൾ പലതുകഴിഞ്ഞിട്ടും പണം മടക്കിക്കൊടുത്തിട്ടില്ലെന്നു മാത്രമല്ല, ബഥേലുമായുള്ള ബന്ധം വിട്ട് കളത്തിപ്പടിയിൽ കള്ളപ്രവചനം നടത്തി കഴിയുകയാണിപ്പോൾ.

# ആശാരി ഉപദേശിയുടെ പ്രസംഗം

ചില വർഷങ്ങൾക്കു മുൻപ് ആശാരി ഉപദേശി നടത്തിയ ഒരു പ്രസംഗം ഇന്റർനെറ്റിൽ ലഭ്യമാണ്. ലിങ്ക് താഴെ കൊടുക്കുന്നു.
http://video.google.com/videoplay?docid=6864747703756585438





# പടിഞ്ഞാറേക്കരയ്ക്കു മതിയായില്ല

കണ്ടാലും കൊണ്ടാലും പഠിക്കാത്തവരുണ്ട്. അത്തരത്തിലുള്ള ഒരാളാണ് പടിഞ്ഞാറേക്കര. എത്രവട്ടം തോറ്റാലും നാണമില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങൾ വരെ കേരളത്തിൽ പ്രജാപതി കൊടികുത്തി വാണിരുന്നു എന്നത് ശരിതന്നെ. പ്രജാപതിയുടെ മറവിൽ പടിഞ്ഞാറേക്കരയേപ്പോലുള്ളവർ ഷൈൻ ചെയ്തു എന്നതിനും സംശയമില്ല. പക്ഷേ കാഴ്ചബംഗ്ലാവിൽ പോലും ഇപ്പോൾ പ്രജാപതിയില്ല. എന്നിട്ടും പ്രജാപതിയുടെ മഹത്വം വാഴ്ത്തിപ്പാടി ഞെളിയുകയാണ് പടിഞ്ഞാറേക്കര.

പ്രജാപതി വിഷയവുമായി ബന്ധപ്പെട്ട് പടിഞ്ഞാറേക്കര സങ്കീർത്തനം ദ്വൈവാരികയിൽ ചില മാസങ്ങൾക്കു മുൻപ് ഒരു ലേഖനം എഴുതിയിരുന്നു. അതിനെതിരെ മറ്റൊരു ലേഖനം സങ്കീർത്തനത്തിൽ പ്രസിദ്ധീകരിക്കയും ചെയ്തിരുന്നു. അതിനുള്ള മറുപടിയായി പടിഞ്ഞാറേക്കര ഒരു കുറിപ്പ് മാർച്ച് 27 ലക്കം സങ്കീർത്തനത്തിൽ എഴുതിയിട്ടുണ്ട്. വീണിടത്തു കിടന്ന് ഉരുളുകയാണ് മാന്യദേഹം.

പ്രജാപതിപ്രശ്നം താൻ കുത്തിപ്പൊക്കുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല എന്നു വാദിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ശരിതന്നെ, പ്രജാപതിയെ കേരളത്തിൽ കുത്തിപ്പൊക്കാനാവില്ല, ഭൂമിയുടെ അടിത്തട്ടിൽ നിന്ന് ഖനനം ചെയ്തെടുക്കുകയേ വഴിയുള്ളു. വെറുതെ കുത്തിയാലൊന്നും പ്രജാപതി കേരളത്തിൽ പൊങ്ങില്ല.

കേരളത്തിൽ ചിലർ ഒച്ചപ്പാടുണ്ടാക്കിയതുകൊണ്ട് താൻ പ്രജാപതിപ്രസംഗം നിർത്തിയിട്ടില്ലെന്ന് പടിഞ്ഞാറേക്കര പറയുന്നു. കാര്യം ശരിയാണ്. ഇപ്പോൾ പ്രജാപതിയെ പ്രസംഗിക്കാൻ പടിഞ്ഞാറേക്കരയും കോശി ഏബ്രഹാമും വിരലിലെണ്ണാവുന്ന ചില വിഡ്ഢികളും മാത്രമേയുള്ളൂ. സാമാന്യ ബുദ്ധിയുള്ളവരൊക്കെ ഈ വിഡ്ഢിത്തം പ്രസംഗിക്കുന്നതു നിർത്തിക്കഴിഞ്ഞു. സത്യസുവിശേഷം എന്തെന്ന് അറിഞ്ഞുകൂടാത്ത പടിഞ്ഞാറേക്കര പ്രജാപതിയെന്ന കള്ളക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ അത്ഭുതമില്ല.



പടിഞ്ഞാറേക്കര ഉദ്ധരിക്കുന്ന ഭാഗങ്ങൾ വേദത്തിലില്ല എന്ന് ആരൊക്കെയോ പറയുന്നുണ്ടത്രേ. ഉണ്ടാകാം. പക്ഷേ ഡിഫെൻഡർ അങ്ങനെ പറഞ്ഞിട്ടില്ല. ഇല്ലാത്തത് ഉദ്ധരിക്കുകയല്ല ഉള്ളത് ഉദ്ധരിച്ചിട്ട് ആടിനെ പട്ടിയാക്കുന്നവിധത്തിലുള്ള വ്യാഖ്യാനം നടത്തുകയാണ് പടിഞ്ഞാറേക്കര ചെയ്യുന്നത്. പ്രജാപതിയെ ക്രിസ്തുവാക്കാൻ ആവശ്യമായ ലക്ഷണങ്ങളുണ്ടാക്കുന്നത് ദുർവ്യാഖ്യാനത്തിലൂടെയാണ്. സംസ്കൃതമറിയാത്തവരെ വിരട്ടാൻ ഇതൊക്കെ മതിയാകുമെങ്കിലും എല്ലാവരേയും ഈ വിധത്തിൽ വിഡ്ഢികളാക്കാമെന്ന് പടിഞ്ഞാറേക്കര കരുതരുത്.

അഴീക്കോട് രക്ഷിക്കപ്പെട്ടില്ലെന്ന് എങ്ങനെ പറയാൻ കഴിയും എന്നാണ് പടിഞ്ഞാറേക്കര ചോദിക്കുന്നത്. താൻ രക്ഷിക്കപ്പെട്ടു എന്ന് അഴീക്കോടുപോലും പറഞ്ഞിട്ടില്ല. പിന്നെ രക്ഷ അഴീക്കോടിന്റെമേൽ വെച്ചുകെട്ടാൻ പടിഞ്ഞാറേക്കര ശ്രമിക്കുന്നതിന്റെ പൊരുളെന്തെന്ന് മനസ്സിലാകുന്നില്ല. മതപരിവർത്തനം നടത്തുകയല്ല തന്റെ ലക്ഷ്യമെന്നും പടിഞ്ഞാറേക്കര പറയുന്നു. ഒരു സംശയം ചോദിക്കട്ടെ: ഒരു ഹിന്ദു കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച ശേഷം ഹിന്ദുവായി ജീവിക്കുന്നതെങ്ങനെ? യേശുവല്ലാതെ രക്ഷകനില്ല എന്നു വിശ്വസിക്കയും ഹൈന്ദവ ദൈവങ്ങളെ ആരാധിക്കയും ചെയ്യാമെന്നാണോ പറയുന്നത്? ആണെങ്കിൽ പടിഞ്ഞാറേക്കരയെ എത്രയും വേഗം ഊളമ്പാറയിൽ എത്തിക്കണം.

പ്രജാപതിയേക്കുറിച്ചു കേട്ട് രക്ഷിക്കപ്പെട്ടവർ നിരവധിയുണ്ടെന്ന് പടിഞ്ഞാറേക്കര പറയുന്നു. പടിഞ്ഞാറേക്കരയേപ്പോലുള്ളവർ പറയുന്നതെല്ലാം സത്യമാണെന്നു വിശ്വസിച്ച കഴുതകളുടെ കാര്യമാണ് പറയുന്നതെങ്കിൽ സംഗതി ശരിയാണ്. അത്തരക്കാരെ ഈ ഭൂമിമലയാളത്തിൽ കണ്ടെത്താൻ കഴിയും. പക്ഷേ അവർ രക്ഷിക്കപ്പെട്ടു എന്നു പറയുന്നത് ശരിയല്ല. വേദത്തിൽ ഇല്ലാത്ത ക്രിസ്തുവിനെ വിശ്വസിച്ചല്ല വേദപുസ്തകത്തിൽ ഉള്ള ക്രിസ്തുവിൽ വിശ്വസിച്ചാണ് രക്ഷിക്കപ്പെടുന്നത്. സ്വന്തം മകളെ ഭാര്യയാക്കിയതിനു ദേവൻമാർ കൊന്ന പ്രജാപതിയിൽ വിശ്വസിച്ചാൽ എങ്ങനെയാണാവോ രക്ഷിക്കപ്പെടുക.

വേദത്തിൽ പല പ്രജാപതിമാരുണ്ടെന്നും മകളെ ഭാര്യയാക്കിയത് യഥാർത്ഥ പ്രജാപതിയല്ലെന്നും മറ്റും പടിഞ്ഞാറേക്കരയോപ്പോലുള്ളവർ പറയാറുണ്ട്. പക്ഷേ യാഗമായ പ്രജാപതി ഒന്നേയുള്ളൂ, അത് മകളെ ഭാര്യയാക്കിയ പ്രജാപതിയാണ്. മകളെ ഭാര്യയാക്കി എന്ന് പ്രതീകാത്മകമായി പറഞ്ഞതാണെന്നും മറ്റും വ്യാഖ്യാനിക്കുന്നവരുണ്ട്. പക്ഷേ പ്രജാപതി മകളെ ഭാര്യയാക്കിയത് കഠിനമായ പാപമാണെന്നു പറഞ്ഞുകൊണ്ടാണ് ദേവൻമാർ പ്രജാപതിയെ കൊന്നതെന്ന് വേദത്തിൽ തന്നെ വ്യക്തമായി പറയുമ്പോൾ ഈ ദുഷ്ടകഥാപാത്രത്തെ വെള്ള പൂശി ക്രിസ്തുവാക്കുന്നതെന്തിനെന്ന് മനസ്സിലാകുന്നില്ല.

പടിഞ്ഞാറേക്കരയോട് ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: ഇനി ഒരിക്കലും ഉയിർത്തെഴുന്നേൽക്കാനാവാത്തവിധം പ്രജാപതി മണ്ണോടുമണ്ണായിക്കഴിഞ്ഞു. പടിഞ്ഞാറേക്കര എത്ര ശ്രമിച്ചാലും ഇനി പ്രജാപതി ജീവിക്കില്ല. പടിഞ്ഞാറേക്കരക്ക് പ്രജാപതിയെ പ്രസംഗിച്ചേ മതിയാകൂ എന്നു നിർബ്ബന്ധമുണ്ടെങ്കിൽ അടുപ്പിൻമൂട്ടിലിരുന്ന് പെണ്ണുമ്പിള്ളയോടു പ്രസംഗിക്കുക.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവം പറയുന്നു, ദൈവാത്മാവു പറയുന്നു, യേശു പറയുന്നു എന്നൊക്കെ ചില പ്രസംഗകർ ഇടയ്ക്കൊക്കെ വിളിച്ചു പറയുന്നു. ഇത് ശരിയായ നടപടിയാണോ?

■ ഈ മാസം 31ന് ലോകാവസാനമുണ്ടാകും എന്ന് ടി.എസ്. ബാലൻ പറയുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ എനിക്കെന്തു തോന്നും എന്ന് നിങ്ങൾ ഊഹിച്ചുനോക്കൂ. അടുത്ത 31ന് ലോകം അവസാനിക്കുകയില്ല. ഇത്തരമൊരു വിഡ്ഢിത്തം ഞാൻ പറഞ്ഞിട്ടുമില്ല. ഇങ്ങനെ പറഞ്ഞുനടക്കുന്നവൻ എനിക്ക് അപമാനമുണ്ടാക്കുകയാണ് ചെയ്യുന്നത്.

അടുത്ത ഞായറാഴ്ച രാവിലെ എട്ടുമണിക്ക് റ്റി.എസ്. ബാലന്റെ വീട്ടിലെത്തുന്നവർക്കെല്ലാം ബാലൻ 100 രൂപ വീതം കൊടുക്കും എന്ന് ഒരാൾ പറഞ്ഞു നടന്നാൽ ഞാൻ കഷ്ടത്തിലാകുമെന്നു തീർച്ച. ഞാൻ ഇത്തരത്തിലൊരു വാക്ക് പറഞ്ഞിട്ടില്ല. പണം കൊടുക്കാനുമാവില്ല.

ദൈവം മനസ്സിൽപോലും ചിന്തിക്കാത്തകാര്യം 'ദൈവം പറയുന്നു' എന്ന ആമുഖത്തോടെ പറയുന്നവർ സത്യത്തിൽ ദൈവത്തെ അപമാനിക്കയാണു ചെയ്യുന്നത്. ഇത്തരക്കാർ വിളിച്ചു പറയുന്ന വിഡ്ഢിത്തങ്ങളുടെയെല്ലാം ഉത്തരവാദിത്വം ദൈവത്തിന്റെ തലയിൽ കെട്ടിവെയ്ക്കുന്നു. പക്ഷേ യഥാർത്ഥത്തിൽ ദൈവം അങ്ങനെ പറഞ്ഞിട്ടില്ല, പറയാൻ ഉദ്ദേശിച്ചിട്ടുമില്ല. ചില ഉദാഹരണങ്ങൾ ഇതാ:

ഒരു കൺവെൻഷനിൽ പ്രസംഗകൻ പറയുന്നു: ''ഇന്ന് ചില അത്ഭുതങ്ങൾ നടക്കാൻ പോകയാണെന്ന് ദൈവാത്മാവ് പറയുന്നു.'' ഇതു സത്യമാണെന്നു വിശ്വസിച്ച് ജനം കാത്തിരിക്കുന്നു. പക്ഷേ അത്ഭുതമൊന്നും നടക്കുന്നില്ല. ജനം ദൈവത്തെ പഴിക്കും. അത്ഭുതം നടത്താൻ പോകുന്നു എന്നു പറഞ്ഞിട്ട് അത്ഭുതം നടത്തിയില്ല. ദൈവം കഴിവുകെട്ടവനാണെന്നതിന് വേറെ തെളിവുവേണോ?

ഇനി മറ്റൊന്ന്: ''നീ കർത്താവിന്റെ പിന്നാലെ ഇറങ്ങിയാൽ നിന്റെ കടഭാരമെല്ലാം മാറുമെന്ന് എന്റെ യേശു പറയുന്നു.'' ഇവനു മാത്രമായി ഒരേശു ഇല്ലെന്നത് ഒന്നാമത്തെ പ്രശ്നം. കടഭാരം മാറ്റിക്കൊടുക്കാമെന്ന് യേശു ആരോടും വാക്കുപറഞ്ഞിട്ടില്ലെന്നത് രണ്ടാമത്തെ കാര്യം. ഈ പ്രസംഗകൻ പറയുന്നതു വിശ്വസിച്ച് പെന്തക്കോസ്തിൽ ചേരുന്നവന്റെ കടഭാരം മാറുമെന്നതിന് ഉറപ്പൊന്നുമില്ല. കടം മാറിയില്ലെങ്കിലോ?

മറ്റു ചിലർക്ക് മനസ്സിൽ തോന്നുന്നതെല്ലാം ദൈവാത്മാവിന്റെ ആലോചനയാണ്. ഒരു കൺവെൻഷൻ നടത്താൻ ദൈവം പറഞ്ഞു, 30 ദിവസം ഉപവസിക്കാൻ ദൈവാത്മാവു പറഞ്ഞു, അമേരിക്കയ്ക്കു വിടാമെന്ന് യേശു പറഞ്ഞു എന്നൊക്കെയാണ് ഇവർ അവകാശപ്പെടുന്നത്. ഇങ്ങനെയൊന്നും കർത്താവ് പറഞ്ഞിട്ടില്ല. ഇവരുടെ ഹൃദയത്തിൽ വെറുതെ തോന്നിയെന്നുമാത്രം.

ചിലർ ഡിഫെൻഡറിന് അയയ്ക്കുന്ന കത്തിന്റെസാമ്പിൾ: ''ദൈവാത്മാവ് എന്നെ വളരെ ഹേമിച്ചതുകൊണ്ടാണ് ഈ കത്തെഴുതുന്നത്. നിങ്ങളുടെ പ്രവർത്തനം മൂലം ദൈവനാമം ദുഷിക്കയാണ്. സാത്താൻ നിങ്ങളെ കരങ്ങളിലെടുത്ത് ഉപയോഗിക്കയാണ്. അതുകൊണ്ട് ഉടൻ മാനസാന്തരപ്പെടുക. ഇല്ലെങ്കിൽ കടുത്ത ശിക്ഷയുണ്ടാകുമെന്ന് ദൈവാത്മാവ് അറിയിക്കുന്നു.''

ഇങ്ങനെയൊന്നും ദൈവാത്മാവ് പറഞ്ഞില്ല, പറയുകയുമില്ല. ഈ ചങ്ങാതിയുടെ മനസ്സിൽ വെറുതെ തോന്നി എന്നുമാത്രം. ഡിഫെൻഡറിന്റെ പ്രവർത്തനംമൂലം ദൈവനാമം ദുഷിച്ചിട്ടില്ല, ദുഷിക്കയുമില്ല. പെന്തക്കോസ്തിലെ കുറെ കള്ളൻമാരുടെ നാമം മാത്രമാണ് ദുഷിച്ചിട്ടുള്ളത്. ദൈവനാമത്തിൽ നടക്കുന്ന തട്ടിപ്പുകൾ വെളിപ്പെടുത്തുന്നതിന് ദൈവം ഡിഫെൻഡറിനെ ശിക്ഷിക്കയുമില്ല.

ഐ.പി.സി എന്നത് ദൈവം അടിസ്ഥാനമിട്ട പ്രസ്ഥാനമാണ് എന്നു പറയുന്ന വിവരദോഷികൾ ഏറെയുണ്ട്. ദൈവഹിത പ്രകാരം ഉണ്ടായ സഭയാണ് ചർച്ച് ഓഫ് ഗോഡ് എന്നു പറയുന്നവരുണ്ട്. ദൈവമാണ് തോമ്മാച്ചായനേക്കൊണ്ട് ശാരോൻ ഉണ്ടാക്കിച്ചത് എന്നു പറയുന്നവർ ശാരോനിലുണ്ട്. ഇങ്ങനെ എ.ജി., റ്റി.പി.എം. തുടങ്ങി ലൊടുക്കൂസ് പ്രസ്ഥാനങ്ങൾ വരെ ദൈവഹിതപ്രകാരം ഉണ്ടാക്കിയതാണത്രേ. ശുദ്ധ അസംബന്ധം എന്നല്ലാതെ എന്തു പറയാൻ. ദൈവസഭ മാത്രമേ ദൈവം സ്ഥാപിച്ചിട്ടുള്ളൂ. ഐ.പി.സിയും ശാരോനും മറ്റും മനുഷ്യനിർമ്മിതമായ സംഘടനകളാണ്. ദൈവമക്കളെ ഭിന്നിപ്പിച്ച് ഇത്തരം സംഘടനകൾ സ്ഥാപിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചത് ബാബേലിലെ ആത്മാവാണ്.

''ഞാൻ പറയുന്നു'' എന്നുപറഞ്ഞ് പ്രസംഗിക്കണമെന്ന് ഡിഫെൻഡർ പറയുന്നു എന്ന് ധരിക്കരുത്. ബൈബിളിൽ വ്യക്തമായി പറയുന്ന കാര്യങ്ങൾ പറയുമ്പോഴും ബൈബിളിൽ നിന്ന് ഉദ്ധരിക്കുമ്പോഴും ''ബൈബിൾ പറയുന്നു'' എന്ന് പറയാവുന്നതാണ്. നമ്മുടെ ആശയങ്ങൾ പറയുമ്പോൾ ആരുപറയുന്നു എന്ന് പറയണമെന്നില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# അവറാച്ചൻ ശമര്യാക്കാരിയെ വിടുന്ന ലക്ഷണമില്ല



എത്ര വലിയ പണ്ഡിതനും അബദ്ധം പറ്റാം. തെറ്റുപറ്റി എന്നു ബോദ്ധ്യമാകുമ്പോൾ തിരുത്താൻ തയ്യാറാകണമെന്നു മാത്രം. പക്ഷേ പണ്ഡിതൻ ചമഞ്ഞു നടക്കുന്നവർ ഒരിക്കലും തെറ്റു തിരുത്തുകയില്ല. തെറ്റു പറ്റിയതായി സമ്മതിക്കപോലുമില്ല. ഇത്തരത്തിലുള്ള ഒരു കപട പണ്ഡിതനാണ് കെ.എ.ഏബ്രഹാം. സൂര്യനുകീഴിലുള്ള എന്തും ഇദ്ദേഹത്തിനറിയാം. സൂര്യനിൽ ഹീലിയം കത്തിക്കൊണ്ടിരിക്കയാണ്, പാലിൽ മായമുണ്ടോ എന്ന് ബാരോമീറ്റർ ഉപയോഗിച്ച് കണ്ടെത്താം, മരത്തിന്റെ തടിയിൽ സലൈവ ഉണ്ട്, ഡി.എൻ.എ പരിശോധനയിലൂടെ മാതൃത്വം തെളിയിക്കാനാവില്ല അങ്ങനെ നൊബേൽ സമ്മാനം വരെ ലഭിക്കേണ്ട മഹത്തായ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുള്ള വീരനാണ് സാക്ഷാൽ കെ.എ.ഏബ്രഹാം. ഇതൊക്കെ തെറ്റാണെന്നു പറഞ്ഞാൽ ഈ മഹാപണ്ഡിതൻ അംഗീകരിക്കയില്ലെന്നു മാത്രമല്ല ഭള്ളുപറയുകയും ചെയ്യും.

അവറാന് ശമര്യാക്കാരത്തിയോട് തീർത്താൽതീരാത്ത എന്തോ വിരോധമുണ്ടെന്നു തീർച്ച. അതുകൊണ്ട് മിക്ക പ്രസംഗത്തിലും ഇദ്ദേഹം ശമര്യാക്കാരത്തിയെ അവതരിപ്പിക്കും. ഇവളുടെ അഞ്ചു ഭർത്താക്കൻമാർ ശമര്യാക്കാരുടെ അഞ്ചു ദേവൻമാരാണെന്ന് അവറാൻ കണ്ടുപിടിച്ചിട്ടുമുണ്ട്.

''നീ ദൈവത്തിന്റെ ദാനം'' എന്ന് ശമര്യാക്കാരത്തിയോടു കർത്താവു പറഞ്ഞത് ശമര്യാക്കാരത്തി ദൈവത്തിന്റെ ദാനമാണ് എന്ന അർത്ഥത്തിലാണെന്ന് അവറാൻ സ്ഥിരമായി പ്രസംഗിക്കുന്നു. ഈ വ്യാഖ്യാനം പമ്പര വിഡ്ഢിത്തമാണെന്ന് ഡിഫെൻഡർ രണ്ടുവട്ടം എഴുതിയതാണ്. പക്ഷേ അവറാൻ അടങ്ങുന്നില്ല. ഏപ്രിൽ 9, 10 തീയതികളിൽ ഇതേ വിവരക്കേട് ഈ ചങ്ങാതി വീണ്ടും പ്രസംഗിച്ചു. ഇത്തവണ ശമര്യാക്കാരിയെ മാത്രമല്ല ലോകത്തുള്ള സകല മനുഷ്യരേയും ദൈവത്തിന്റെ ദാനമാക്കി. ഇവനെ ആരെങ്കിലും മലയാളം ഒന്നു പഠിപ്പിക്കണം.

ശമര്യാക്കാരത്തിയെ എല്ലാവരും കൈവിട്ടിരുന്നെന്ന് അവറാൻ പറയുന്നു. പക്ഷേ ഈ അറിവ് എങ്ങനെയാണ് മാന്യദേഹത്തിനു ലഭിച്ചതെന്ന് പറഞ്ഞുമില്ല. ഏതായാലും ബൈബിളിൽ നിന്നാകാൻ വഴിയില്ല. കാരണം, ബൈബിളിൽ അങ്ങനെ പറയുന്നില്ല. സ്വപ്നം കണ്ടതാകാം.

ശമര്യാക്കാരത്തി കിണറിന്റെ സമീപത്ത് പാത്രം വച്ചിട്ടു പോയതിന്റെ കാരണം ആർക്കെങ്കിലും പറയാമോ? പട്ടണത്തിലുള്ളവരെ വിവരം അറിയിച്ചിട്ടു തിരികെ വന്ന് വെള്ളം കോരിക്കൊണ്ടുപോകാം എന്ന ചിന്തയിലാണെന്നേ സാമാന്യ ബുദ്ധിയുള്ളവർ പറയൂ. പക്ഷേ ബുദ്ധിരാക്ഷസനായ അവറാൻ മറ്റൊരു കണ്ടുപിടുത്തമാണ് നടത്തിയിരിക്കുന്നത്. പാത്രം എന്നത് അവളുടെ പാരമ്പര്യമാണ്. യേശുവിനെ കണ്ടെത്തിയതോടെ അവൾ പാരമ്പര്യം ഉപേക്ഷിച്ചു. പാത്രം പാരമ്പര്യമാണെന്നു പറയാൻ എന്താണ് ആധാരം? ആധാരവും കരംകെട്ടിയ രസീതും ചോദിക്കാൻ നിങ്ങളാരാ? പറയുന്നതു കേട്ടാൽ മതി. ഇത് ടി.വിയാണ്. ടി.വിയിൽ അങ്ങോട്ടു പറയുന്ന പരിപാടിയില്ല, മനസ്സിലായോ?




# ഇലക്ഷൻ കേസ്സ് സജീവമാകുന്നു

ഐ.പി.സിയിൽ ഇലക്ഷൻ കേസ്സ് വീണ്ടും സജീവമാകുന്നു. ചില നേതാക്കൻമാർ നോട്ടീസ് കൈപ്പറ്റിയിട്ടില്ലാത്തതിനാൽ പത്രപ്പരസ്യം നൽകാൻ കോടതി ഉത്തരവിട്ടിരിക്കയാണ്.

ഐ.പി.സിയിൽ ഒന്നര വർഷം മുൻപു നടന്ന തെരഞ്ഞെടുപ്പ് നിയമാനുസൃതമല്ല നടന്നതെന്നും ഈ കാരണത്താൽ ഈ തെരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കണമെന്നും സ്ത്രീകൾക്കും വോട്ടവകാശം നൽകണമെന്നും ആവശ്യപ്പെട്ട് ഐ.പി.സി പെരുമ്പെട്ടി സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ ഏബ്രഹാം ഷാജി റാന്നി മുൻസിഫ് കോടതിയിൽ കൊടുത്ത കേസ്സാണിത്. പത്തനംതിട്ട ജില്ലാ കോടതി ഈ കേസ്സ് പിന്നീട് പത്തനംതിട്ട മുൻസിഫ് കോടതിയിലേക്ക് മാറ്റിയിരുന്നു. എതിർ കക്ഷികളിൽ രണ്ടുപേർ നോട്ടീസ് കൈപ്പറ്റാതിരുന്നതിനിമിത്തം കേസ്സ് നീണ്ടുപോയി. എന്നാൽ പത്രപ്പരസ്യം നൽകിയശേഷം കേസ്സ് നടത്താൻ ഏബ്രഹാം ഷാജി നൽകിയ അപേക്ഷ കോടതി സ്വീകരിക്കയും പത്രപ്പരസ്യം നൽകാൻ ഉത്തരവിടുകയുമായിരുന്നു. ഇതോടെ കേസ്സ് വീണ്ടും സജീവമാകുമെന്ന് ഉറപ്പായിരിക്കയാണ്.

# സാമച്ചൻ വിജയിക്കും

സാമച്ചൻ തിരുവല്ലയിൽ കൺവെൻഷൻ നടത്തുന്നു. നടത്തുന്നത് സാമച്ചനായതുകൊണ്ടും സ്ഥലം തിരുവല്ല ആയതുകൊണ്ടും കൺവെൻഷൻ വൻവിജയമാകുമെന്ന് തീർച്ച.

ഏതു കള്ളനും കൊള്ളക്കാരനും തട്ടിപ്പുകാരനും വ്യഭിചാരിക്കും നിർബ്ബാധം വിലസാൻ കഴിയുന്ന സാഹചര്യമാണ് ഇപ്പോൾ പെന്തക്കോസ്തിലുള്ളത്. ഒരു ദശാബ്ദത്തിലധികമായി സാമച്ചൻ വ്യഭിചാരം തുടങ്ങിയിട്ട്. വ്യഭിചരിക്കാനുള്ള ഒരവസരവും ഇയാൾ വെറുതെ കളഞ്ഞിട്ടില്ല. സാമ്പത്തിക വെട്ടിപ്പിന്റെ കാര്യം പറയുകയും വേണ്ട. നിരവധി ആളുകളെ ഇയാൾ കബളിപ്പിച്ചിട്ടുണ്ട്. പലരേയും വഴിയാധാരമാക്കുകയും ചെയ്തു.

ആളുകളുടെ പേരും മറ്റു വിവരങ്ങളും മുൻകൂട്ടി അറിഞ്ഞശേഷം പേരുവിളിച്ച് പ്രവചിച്ച് ഷൈൻ ചെയ്യാനും ഇയാൾ വിരുതനാണ്. രോഗശാന്തി, ഭൂതശാന്തി തുടങ്ങി പല പരിപാടികളുമുണ്ട്.

കള്ളം പറയാൻ സാമച്ചന് ഒരു മടിയുമില്ല. ലോകനേതാക്കൻമാരിൽ പലരും ഇയാളോടു ചോദിച്ചിട്ടാണത്രേ സുപ്രധാന തീരുമാനങ്ങളെടുക്കുന്നത്. ഷാർജയിലെ ഷേക്കിനെ ഇയാൾ സ്നാനപ്പെടുത്തിയെന്നു വരെ പറഞ്ഞു നടക്കുന്നു. ഈയിടെ ഇയാൾ ഈ കഥ അല്പം പരിഷ്ക്കരിച്ചു. ബഹറിനിലെ രാജാവിനെ സ്നാനപ്പെടുത്തിയെന്നും ബഹറിനിലേക്കു പോകാൻ രാജാവ് സ്ഥിരം വിസ നൽകിയെന്നുമാണ് കഥ. ഇത്രവലിയ നുണ പറയാൻ സുരേഷ് ബാബു പോലും ധൈര്യപ്പെടില്ല. കള്ളപ്രവചനം പഠിപ്പിക്കാൻ ഒരു സ്ക്കൂളും ഇയാൾ നടത്തുന്നുണ്ട്. ഇങ്ങനെയുള്ള സാമച്ചൻ തിരുവല്ലയിൽ കൺവെൻഷൻ നടത്തിയാൽ വിജയിക്കുമെന്നതിന് സംശയമില്ല.

# കോടികളുടെ തട്ടിപ്പിന് അണിയറനീക്കം

കേരളം കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ തട്ടിപ്പിന് കളമൊരുങ്ങുന്നതായി ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. ആയിരക്കണക്കിന് ആളുകൾ തട്ടിപ്പിന് ഇരയാകുമെന്ന് തീർച്ച.

വൻതുക ശമ്പളവും ലാഭവും വാഗ്ദത്തം ചെയ്താണ് സംഘാടകർ സാധുക്കളെ വശത്താക്കുന്നത്. കേരളത്തിന്റെ പല ഭാഗങ്ങളിലായി ഇവർ സ്റ്റഡി ക്ലാസ്സുകൾ നടത്തുന്നു. പങ്കെടുക്കുന്നവർക്ക് മോഹനവാഗ്ദാനങ്ങൾ നൽകി ബ്രെയിൻവാഷ് ചെയ്യുന്നു. മാർച്ച് 31 വരെ 25,000 രൂപ കൊടുത്താൽ പരിശീലനക്ലാസ്സിൽ ചേരാമായിരുന്നു. ഇപ്പോൾ തുക 50,000 ആക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ, ബിസിനസ്സ് തുടങ്ങിയ വിഷയങ്ങളേക്കുറിച്ചാണ് ക്ലാസ്. തുടക്കത്തിൽ പ്രതിമാസം 3,500 രൂപ ശമ്പളം മാത്രമേ ലഭിക്കയുള്ളു എങ്കിലും ഭാവിയിൽ അതു വർദ്ധിക്കുമെന്നും വിദേശ യാത്രകൾ ഉൾപ്പെടെ പലതും സാദ്ധ്യമാകുമെന്നും മറ്റുമാണ് പറയുന്നത്.

എന്താണ് ജോലി? അതിന് വ്യക്തമായ മറുപടിയില്ല. കാര്യങ്ങളെല്ലാം ക്രമപ്പെട്ടു വരുന്നതേയുള്ളു എന്നും ഓരോരുത്തർക്കുമുള്ള ജോലി അപ്പോൾ മാത്രമേ പ്രഖ്യാപിക്കയുള്ളു എന്നുമാണ് വിശദീകരണം. പിന്നെ ശമ്പളം കൊടുക്കുന്നതെങ്ങനെ? പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആളെ പിടിക്കലാണ് പരിശീലനം കഴിഞ്ഞവരുടെ ജോലി. ഭാവിയിൽ വലിയ വരുമാനം കിട്ടുന്ന പദ്ധതിയാകയാൽ പരമരഹസ്യമായിവേണം പരിശീലനത്തിന് ആളെ കൂട്ടാൻ എന്നും ഇവർ പറയുന്നു. സംഗതി രഹസ്യമായിരിക്കേണ്ടതുള്ളതുകൊണ്ട് അടുത്ത ബന്ധുക്കളേയും സുഹൃത്തുക്കളേയും മാത്രം പരിശീലനത്തിനു കൊണ്ടുവരണമെന്നും നിർദ്ദേശിക്കും. ഒരാൾ പത്തുപേരെ കൊണ്ടുവന്നാൽ അഞ്ചുലക്ഷം രൂപ സംഘാടകരുടെ പോക്കറ്റിലാകും. അതുകൊണ്ട് 3,500 രൂപ ശമ്പളം കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല.

ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഇവർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ആ കമ്പനിയുടെ പേരിൽ ഒരു രേഖയും ഇവർ ആർക്കും നൽകുന്നില്ല. പരിശീലനം നൽകാനെന്നു പറഞ്ഞ് പിരിക്കുന്ന പണത്തിനു രസീതുമില്ല. രേഖ കൊടുക്കാതെ നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ കോഴിക്കോട് വിലാസമുള്ള ഒരു പ്രസ്ഥാനത്തിന്റെ രേഖയാണ് നൽകുന്നത്. പരിശീലനമെന്നും മറ്റും പറഞ്ഞ് കോടികൾ തട്ടിയെടുത്തിട്ട് ഇവർ മുങ്ങും എന്നതിന് സംശയമില്ല. പൊതുജനം സൂക്ഷിക്കുക.

# എത്രകോപ്പിയുണ്ട് മോനായി?

മോനായിയുടെ പത്രത്തിന് ഇപ്പോൾ എത്ര വായനക്കാരുണ്ട് മോനായീ? മാർച്ച് ലക്കത്തിൽ വായനക്കാരുടെ എണ്ണത്തേക്കുറിച്ചു പറയുന്നില്ല. അതുകൊണ്ടു ചോദിച്ചതാണ്.

ഏതാനും മാസം മുൻപ് മോനായിയുടെ പത്രമായ സുഭാഷിതത്തിന് അഞ്ചുലക്ഷത്തിൽ അധികം വായനക്കാരുണ്ടായിരുന്നു. ഇതു പച്ചക്കള്ളമാണെന്ന് ഡിഫെൻഡർ അന്വേഷിച്ചറിഞ്ഞു. ആ വിവരം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. അതോടെ മോനായി കള്ളത്തിന്റെ ഡിഗ്രി അഞ്ചിലൊന്നായി കുറച്ചു. ഒരുലക്ഷത്തിൽ അധികം വായനക്കാർ എന്നായി പുതിയ പല്ലവി. ഇതും കള്ളമാണെന്ന് ഡിഫെൻഡർ പറഞ്ഞു. ഡിഫെൻഡറിന്റെ കൈവശം വ്യക്തമായ തെളിവുണ്ടെന്ന് അതോടെ മോനായിക്ക് മനസ്സിലായി. ഇപ്പോൾ വായനക്കാരുടെ എണ്ണം എത്രയെന്ന് മോനായി പറയുന്നതേയില്ല. സത്യം സത്യമായി പറഞ്ഞാൽ 2500 കോപ്പി എന്ന് പറയേണ്ടതായി വരും. അതോടെ സുഭാഷിതത്തിന്റെ കഥ കഴിയും. കള്ളം പറഞ്ഞാൽ ഡിഫെൻഡർ പിടികൂടും. അതുകൊണ്ട് മൗനം വിദ്വാൻ ഭൂഷണമാക്കി.



# 2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിർബ്ബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചെന്ന് മിക്കവർക്കുമറിയാം. പക്ഷേ ആ ഉത്തരവിൽ എന്താണു പറയുന്നതെന്നോ വിവാഹം രജിസ്റ്റർ ചെയ്യാൻ എന്താണു ചെയ്യേണ്ടതെന്നോ അറിയാതെ കുഴയുകയാണ് ഭൂരിപക്ഷം ജനങ്ങളും. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് സർക്കാർ ഫെബ്രുവരി 29ന് പുറപ്പെടുവിച്ച ഉത്തരവ് അതേപടി പ്രസിദ്ധീകരിക്കയാണ്. ഈ ഉത്തരവു വായിച്ചശേഷം നിങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ അറിയിക്കുക. അവയ്ക്കുള്ള മറുപടിയും വിവാഹം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷാഫോമിന്റെ മാതൃകയും അടുത്തലക്കം ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നതാണ്.

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും</u> –
(1) ഈ ചട്ടങ്ങൾക്ക് 2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ എന്ന് പേർ പറയാം.
(2) ഈ ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.
(3) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**<u>2. നിർവചനങ്ങൾ</u>** – ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം –
(എ) "മുഖ്യ രജിസ്ട്രാർ ജനറൽ", എന്നാൽ 3–ാം ചട്ടത്തിൻകീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.
(ബി) "തദ്ദേശ രജിസ്ട്രാർ", എന്നാൽ 5–ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ എന്നർത്ഥമാകുന്നു.
(സി) "രജിസ്ട്രാർ ജനറൽ", എന്നാൽ 4–ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.

**<u>3. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ</u>** –
പഞ്ചായത്ത് ഡയറക്ടർ, വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ ആയിരിക്കുന്നതാണ്.

**<u>4. വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ</u>** –
പഞ്ചായത്ത് പ്രദേശങ്ങളേയും നഗരപ്രദേശങ്ങളേയും സംബന്ധിച്ച് യഥാക്രമം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറും വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയിരിക്കുന്നതും അവൻ ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

**<u>5. വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ</u>** –
1969–ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിൻ (1969–ലെ 18–ാം കേന്ദ്ര ആക്റ്റ്) കീഴിൽ നിയമിക്കപ്പെട്ട ജനന–മരണ രജിസ്ട്രാർ, അവരുടെ അധികാരിതയിൽ വരുന്ന പ്രദേശങ്ങളിലെ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ ആയിരിക്കുന്നതാണ്.

**<u>6. വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണം.</u>**
ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്

എന്നാൽ, മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾപ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ ഈ ചട്ടങ്ങളിൻ കീഴിൽ രജിസ്റ്ററ് ചെയ്യേണ്ടതല്ലാത്തതും, അപ്രകാരമുള്ള വിവാഹങ്ങൾ അതാത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കു കീഴിൽ രജിസ്റ്ററ് ചെയ്യേണ്ടതുമാണ്.

എന്നുമാത്രമല്ല, മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥപ്രകാരം രജിസ്റ്ററ് ചെയ്യുന്നത് ഹിതാനുസരമായിട്ടുള്ള വിവാഹങ്ങൾ, അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം, ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്ന തീയതിക്കുമുമ്പ് നടന്നിട്ടുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഹിതാനുസരണമായിരിക്കുന്നതുമാണ്.

**<u>7. അധികാരിത –</u>** ഏത് തദ്ദേശ രജിസ്ട്രാറുടെ അധികാരിതയ്ക്ക് കീഴിലുള്ള പ്രദേശത്താണോ വിവാഹം നടന്നത്, ആ തദ്ദേശ രജസ്ട്രാർ മുമ്പാകെ, ഈ ചട്ടങ്ങൾക്ക് കീഴിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**<u>8. വിവാഹ (പൊതു) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>** –
ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള III –ാം നമ്പർ ഫാറത്തിൽ ഒരു രജിസ്റ്റർ വെച്ചു പോരേണ്ടതാണ്.

**<u>9. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമവും സമയപരിധിയും–</u>** (1) വിവാഹത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള I–ാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയ്യാറാക്കേണ്ടതും, രണ്ട് സെറ്റ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ നാല്പത്തിയഞ്ച് ദിവസകാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.
(2) ഈ ചട്ടങ്ങൾ, നിലവിൽ വരുന്നതിനുമുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം, ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ ഒരു വർഷ കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.
(3) മെമ്മോറാണ്ടത്തിൽ, വിവാഹത്തിലേർപ്പെടുന്ന ഇരുകക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ, വിവാഹ രജിസ്റ്ററിലേയോ, ആ ആവശ്യത്തിനായി വച്ചു പോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലെയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും, മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ, ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പും വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയാകാവുന്നതാണ്. രജിസ്ട്രേഷനു വേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതോടൊപ്പം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി പത്ത് രൂപ നൽകണം.
(4) ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ളതും അത് സംബന്ധിച്ച് നാല്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ, വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർക്ക് (3)–ാം ഉപ ചട്ടത്തിനു വിധേയമായി, നൂറു രൂപ പിഴ ചുമത്തിയതിനുശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്. അത്തരം സംഗതികളിൽ മെമ്മോറാണ്ടം, ഒരു ഗസ്റ്റഡ് ഓഫീസറിൽനിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായ II–ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനം സഹിതമോ അല്ലെങ്കിൽ തദ്ദേശ രജിസ്ട്രാർക്ക് ബോദ്ധ്യമാകുംവിധം വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിനുള്ള മറ്റേതെങ്കിലും രേഖകൾ സഹിതമോ ഫയൽ ചെയ്യേണ്ടതാണ്.

**<u>10. ഒരു വർഷത്തിനുശേഷമുള്ള വിവാഹം രജിസ്റ്റർ ചെയ്യൽ</u>**– ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നതും വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങളും, ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്നതും, അപ്രകാരം നിലവിൽ വന്നതിനുശേഷം ഒരു വർഷം കഴിയുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള വിവാഹങ്ങളും, 9–ാം ചട്ടത്തിലെ (3)–ാം ഉപചട്ടത്തിന് വിധേയമായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടിയും ഇരുന്നൂറ്റിയമ്പത് രൂപ പിഴ നൽകിയതിന്മേലും മാത്രമേ തദ്ദേശ രജിസ്ട്രാർ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. അപ്രകാരമുള്ള സംഗതികളിലും മെമ്മോറാണ്ടം, ഒരു ഗസ്റ്റഡ് ഓഫീസറിൽനിന്നോ പാർലമെന്റംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്തിൽനിന്നോ ഈ ചട്ടങ്ങൾക്കനുബന്ധമായുള്ള II–ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനം സഹിതമോ അല്ലെങ്കിൽ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു ബോദ്ധ്യമാകുന്ന വിധം, വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള മറ്റ് ഏതെങ്കിലും രേഖകൾ സഹിതമോ ഫയൽ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് ആവശ്യമെങ്കിൽ, തദ്ദേശ രജിസ്ട്രാർ മുഖേനയോ, മറ്റു വിധത്തിലോ അന്വേഷണങ്ങൾ നടത്താവുന്നതും തദ്ദേശ രജിസ്ട്രാറിന് രജിസ്റ്റർ ചെയ്യൽ സംബന്ധിച്ച് ഉചിതമായ നിർദ്ദേശം നൽകാവുന്നതാണ്.

**<u>11. മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതും വിവാഹ (പൊതു) രജിസ്റ്ററും –</u>** (1) മെമ്മോറാണ്ടവും രജിസ്റ്റർ ചെയ്യുന്നതിനുള്ള നിശ്ചിത ഫീസും ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കേണ്ടതും, അതിന്റെ വിശദവിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള III–ാം നമ്പർ ഫാറത്തിൽ, ഈ ആവശ്യത്തിലേക്കായി അദ്ദേഹം വെച്ചുപോരുന്ന രജിസ്റ്ററിൽ ഉടൻതന്നെ ചേർക്കേണ്ടതും, അതിനായി നല്കിയിട്ടുള്ള സ്ഥലത്ത്അദ്ദേഹത്തിന്റെ കൈയ്യൊപ്പും മുദ്രയും വയ്ക്കേണ്ടതുമാണ്. വിവാഹം രജിസ്റ്റർ ചെയ്തതിനു തെളിവായി, അഞ്ച് രൂപ ഫീസ് നൽകുന്നതിന്മേൽ, വിവാഹ സാക്ഷ്യപത്രം ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള IV–ാം നമ്പർ ഫാറത്തിൽ, അഞ്ച് പ്രവൃത്തിദിവസങ്ങൾക്കകം അപേക്ഷകന് നൽകേണ്ടതാണ്. ഓരോ വിവാഹവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പിന് ഓരോ കലണ്ടർ വർഷത്തിലും തുടർച്ചയായ രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതും ഓരോ കലണ്ടർ വർഷത്തിലും പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.
(2) തദ്ദേശ രജിസ്ട്രാറിന്, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു മെമ്മോറാണ്ടം ശരിയായ ഫാറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, നിരസിക്കാവുന്നതും അതിനുള്ള കാരണം അപ്രകാരം നിരിസിച്ച തീയതി മുതൽ മുപ്പത് ദിവസകാലയളവിനുള്ളിൽ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്.
(3) ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്തമാസം 10–ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്, തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ് പകർപ്പുകളും സ്ഥിരം രേഖകളായി ഫയൽ ചെയ്യേണ്ടതാണ്.

**<u>12. ഫാറങ്ങളുടെ പ്രിന്റിംഗും വിതരണവും</u>** –
രജിസ്ട്രാർ ജനറൽ, അവരുടെ ബന്ധപ്പെട്ട അധികാരിതയിൽ കീഴിൽ വരുന്ന പ്രദേശങ്ങളിലെ, തദ്ദേശ രജിസ്ട്രാറിന്റെ ഉപയോഗത്തിന് ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും പ്രിന്റു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സജ്ജീകരണം നടത്തേണ്ടതാണ്.

**<u>13. ഉൾക്കുറിപ്പുകളുടെ തിരുത്തലും റദ്ദാക്കലും –</u>**
(1) തദ്ദേശ രജിസ്ട്രാർക്ക്, സ്വമേധയായോ, കക്ഷികൾ മുഖേനയുള്ള അപേക്ഷയിന്മേലോ, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ, സാരാംശത്തിലോ, തെറ്റാണെന്നോ അഥവാ വ്യാജമായോ കൃത്യമല്ലാതെയോ ഉണ്ടാക്കിയതാണെന്നോ, ബോദ്ധ്യപ്പെടുന്ന പക്ഷം, അദ്ദേഹം (2)–ാം ഉപചട്ടത്തിലെ നിബന്ധനകൾക്കു വിധേയമായി, രജിസ്ട്രേഷൻ റദ്ദുചെയ്യൽ ഉൾപ്പെടെയുള്ള ഉചിതമായ തിരുത്തലുകൾ, അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും അത്തരം തിരുത്തലുകൾക്കുള്ള തെളിവ് വിവാഹ (പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും, വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം ഒപ്പ് വെയ്ക്കേണ്ടതും, തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.
(2) പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും റദ്ദാക്കലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി മാത്രം ചെയ്യേണ്ടതാണ്.
എന്നാൽ അപ്രകാരമുള്ള തിരുത്തലോ റദ്ദാക്കലോ ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്തുവാൻ പാടുള്ളതല്ല.
(3) (2)–ാം ഉപ ചട്ടത്തിൻ കീഴിൽ അനുമതി ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, വിവാഹ (പൊതു) രജിസ്റ്ററിൽ, അതതു സംഗതിപോലെ, തിരുത്തലോ റദ്ദാക്കലോ വരുത്തേണ്ടതാണ്.
(4) വിവാഹ (പൊതു) രജിസ്റ്ററിൽ ക്ലറിക്കൽ പിശക് ഒഴികെയുള്ള തെറ്റുതിരുത്തലിന് നൂറ് രൂപ ചാർജ്ജ് ചെയ്യേണ്ടതാണ്.
(5) ഈ ചട്ടത്തിന് കീഴിൽ ഒരു ഉൾക്കുറിപ്പ് തിരുത്തുകയോ, റദ്ദാക്കുകയോ ചെയ്യുന്ന ഓരോ സംഗതിയിലും, അതിന്റെ അറിയിപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കേണ്ടതും തദ്ദേശ രജിസ്ട്രാർ ആവശ്യമായ വിശദവിവരം നൽകുന്ന ഒരു റിപ്പോർട്ട് ബന്ധപ്പെട്ട് രജിസ്ട്രാർ ജനറലിന് നൽകേണ്ടതുമാണ്.

**<u>14. പരിശോധനയും ഉൾക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ ലഭ്യമാക്കലും</u>** – ഏതൊരാളിനും ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ, ഇരുപത്തിയഞ്ച് രൂപ ഫീസ് ഒടുക്കിയതിനുശേഷം, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് തദ്ദേശ രജിസ്ട്രാറിനെക്കൊണ്ട് പരിശോധിപ്പിക്കാവുന്നതും, അത്തരം രജിസ്റ്ററിലെ പ്രസക്തഭാഗം അടങ്ങുന്ന IV–ാം നമ്പർ ഫാറത്തിലുള്ള വിവാഹ സാക്ഷ്യപത്രം ലഭ്യമാക്കാവുന്നതുമാണ്. തദ്ദേശ രജിസ്ട്രാർ അങ്ങനെയുള്ള എല്ലാ പ്രസക്തഭാഗങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**<u>15. വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കലിന്റെ പരിണിത ഫലങ്ങൾ–</u>**
ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം, ഈ ചട്ടങ്ങൾ പ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾ അല്ലാതെയുള്ള ഏതെങ്കിലും അധികാരസ്ഥാനം നൽകുന്ന ഏതൊരു വിവാഹ സാക്ഷ്യപത്രവും സർക്കാർ യാതൊരു ആവശ്യത്തിനും സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്ന വിവാഹങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

**<u>16. അപ്പീൽ</u>** – തദ്ദേശ രജിസ്ട്രാറിന്റെ ഏതൊരു തീരുമാനത്തിനെതിരെയും, ബന്ധപ്പെട്ട രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ നൽകാവുന്നതും അപ്രകാരമുള്ള അപ്പീൽ അങ്ങനെയുള്ള ഏതെങ്കിലും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസ കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം അപ്പീൽ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ അല്ലെങ്കിൽ അപ്പീൽ അനുവദിച്ചുകൊണ്ടോ അറുപത് ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

**<u>17. റിവിഷൻ</u>**– ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ മുഖ്യ രജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള റിവിഷൻ അങ്ങനെയുള്ള തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും മുഖ്യ രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം റിവിഷൻ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം രജിസ്ട്രാർ ജനറലിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ അല്ലെങ്കിൽ റിവിഷൻ അനുവദിച്ചുകൊണ്ടോ അറുപതു ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

# ദിനകരന്റെ മറവിൽ പുത്രന്റെ തട്ടിപ്പ്

ദിനകരന്റെ കാലം കഴിഞ്ഞു. അതുകൊണ്ട് പണത്തിന്റെ വരവ് കുറയുമോ എന്ന് പുത്രൻ സംശയിക്കുന്നത് സ്വാഭാവികം. പണമാണല്ലോ ദൈവം. പണമില്ലാതായാൽ പിണത്തിനു തുല്യം. ആകയാൽ പണുണ്ടാക്കാനുള്ള വഴി സഹതാപ തരംഗം നിലനിൽക്കുമ്പോൾത്തന്നെ ചെയ്യണമെന്ന് ബിസിനസ്സിന്റെ മർമ്മമറിയാവുന്ന പുത്രനറിയാം.



പണത്തിന്റെ ഒഴുക്കിനു കുറവുണ്ടാകാതിരിക്കാൻ പോൾ ഈയിടെയായി ചെയ്തുകൊണ്ടിരിക്കുന്നതെന്തെന്ന് അറിയണമെങ്കിൽ യേശു വിളിക്കുന്നു എന്ന മാസികയുടെ മാർച്ച് ലക്കം നോക്കിയാൽ മതി. ദിനകരനെ ദൈവതുല്യനാക്കിയിരിക്കയാണ് ഈ മാസികയിൽ.

ദിനകരന്റെ ബിസിനസ്സ് തന്ത്രങ്ങളിലൂടെ ലഭിച്ചുകൊണ്ടിരുന്ന പണം തുടർന്നും ലഭിക്കുവാനും സാധിക്കുമെങ്കിൽ കൂടുതൽ പണം ലഭിക്കുവാനും പോൾ പ്രയോഗിക്കുന്ന തന്ത്രങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്:

1. ദിനകരനെ നിസ്തുലനാക്കി.

ഈ ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ മഹാനായിരുന്നു ദിനകരൻ എന്നു തോന്നിപ്പോകുന്ന വിധത്തിലാണ് മാസികയിൽ എഴുതിവച്ചിരിക്കുന്നത്. കുറച്ചധികം പേജുകൾ ദിനകരന്റെ മഹത്വം വാഴ്ത്തിപ്പാടാനായി മാറ്റിവച്ചിരിക്കുന്നു.

2. പിൻതുടർച്ച.

ദിനകരനു ശുശ്രൂഷ നൽകിയത് ദൈവമാണെന്നും ആ ശുശ്രൂഷ കുടുംബാംഗങ്ങളിലൂടെ തുടരുകയാണെന്നും വരുത്തിതീർക്കാൻ പോൾ പരമാവധി ശ്രമിക്കുന്നു. ദിനകരൻ ജീവനോടെ ഇരുന്ന കാലത്തുതന്നെ പോൾ ഉപദൈവമായിക്കഴിഞ്ഞിരുന്നു. തന്റെ ശുശ്രൂഷ ഇനി പുതിയ തലങ്ങളിലേക്കു കടക്കുമെന്ന് പോൾ പറയുന്നു. ദിനകരന്റെ സ്ഥാനം ഏറ്റെടുത്ത് ജനവഞ്ചന തുടരാനുള്ള പദ്ധതിയാണ് പോളിനുള്ളതെന്നു വ്യക്തം. ദിനകരന്റെ സ്ഥാനത്ത് ഇനി ജനം തന്നെ കാണണം. അതിനായി ഒരുമുഴം നീട്ടി എറിയുകയാണ് പോൾ.

3. കൊച്ചുമകൻ.

ദിനകരൻ തന്റെ മകനായ പോളിനെ ഉപദൈവമായി അവതരിപ്പിച്ചതുപോലെ പോൾ തന്റെ മകനായ സമുവലിനെ ഉപദൈവമാക്കി. ഫെബ്രുവരി 23ന് കുറെ സഭാനേതാക്കൻമാർ കൈവച്ച് സാമുവലിനെ ദിനകരന്റെ പിൻഗാമിയായി വാഴിച്ചു. ഈ ചെക്കൻ ഇനി സ്റ്റേജുകളിൽ ദിനകരനേപ്പോലെ ഷൈൻ ചെയ്യും.

4. കുടുംബം.

പോളും സാമുവലും മാത്രമല്ല ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും അത്യുഗ്രൻ ശുശ്രൂഷയുള്ളവരാണെന്ന് പോൾ വരുത്തിതീർക്കുന്നു. മാസികയുടെ രണ്ടു പേജുകൾ അതിനായി നീക്കിവെച്ചിരിക്കുന്നു. ഈ കുടുംബത്തേക്കുറിച്ച് ദൈവദാസൻമാർ പ്രവചിച്ചത് എന്നു പറഞ്ഞുകൊണ്ട് കുറച്ചധികം കാര്യങ്ങൾ എഴുതിയിട്ടുമുണ്ട്. ഇതൊക്കെ വായിക്കുന്ന സാധാരണക്കാർ ഈ കുടുംബത്തെ ദൈവീക കുടുംബമായി പരിഗണിക്കയും പൊന്നും മൂരും കുന്തിരിക്കവും കാഴ്ചവച്ച് വണങ്ങുകയും ചെയ്തുപോകും.

5. പുതിയ പ്രയർ ടവർ.

കോടികൾ മുടക്കി പുതിയൊരു പ്രയർ ടവർ പണിയാനുള്ള പദ്ധതി പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ വകയിൽ എത്രകോടി ലഭിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

6. ദിനകരൻ എൻഡോവ്മെന്റ്.

ദിനകരന്റെ പേരിൽ പുതിയൊരു എൻഡോവ്മെന്റ് പദ്ധതിയും പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. സഹതാപതരംഗം അവസാനിക്കുന്നതിനു മുൻപുതന്നെ വലിയൊരുതുക ഈ വകയിൽ ശേഖരിക്കാനാവും.

7. സർഗ്ഗീയ ദർശനം.

നമ്മൾ ഇടയ്ക്കൊക്കെ ബന്ധുവീടുകൾ സന്ദർശിക്കുന്നതുപോലെ ദിനകരൻ സ്വർഗ്ഗം സന്ദർശിച്ചിരുന്നു. മരിച്ചുപോയ മകളെ ദിനകരൻ അവിടെ കാണുകയും സംസാരിക്കയും ചെയ്യുക പതിവുമായിരുന്നു. ഇത്തരം ദർശനങ്ങളേക്കുറിച്ച് ദിനകരൻ ഒരു കിത്താബ് എഴുതിയിട്ടുണ്ട്. ആൻ ഇൻസൈറ്റ് ഇന്റു ഹെവൻ എന്നാണ് പുസ്തകത്തിന്റെ പേര്. യാതൊരു ശങ്കയുമില്ലാതെ ദിനകരൻ പച്ചക്കള്ളം എഴുതിവച്ചിരിക്കയാണ്. പക്ഷേ ലോകമെമ്പാടുമുള്ള ദിനകരഭക്തർ ഈ പുസ്തകം വാങ്ങുന്നു, വായിക്കുന്നു, ദിനകരനെ സ്തുതിക്കുന്നു. ദിനകരന്റെ മരണത്തോടെ ഈ പുസ്തകത്തിന്റെ വില്പന കൂടിയിരിക്കയാണ്.

8. താക്കോൽ വില്പന.

ദൈവത്തിന്റെ അനുഗ്രഹം വീട്ടിലേക്ക് ആകർഷിക്കാനുള്ള പദ്ധതിയാണിത്. ഒരുലക്ഷം രൂപ കൊടുക്കുന്ന ആർക്കും കാരുണ്യയിൽ നിന്ന് ഒരു താക്കോൽ കിട്ടും. ഇത് വീട്ടിലോ ഓഫീസിലോ വച്ചാൽ ദൈവം അവിടേക്ക് പണം ഒഴുക്കുമത്രേ. (എന്തതിശയമേ......).

9. മൂന്നുലക്ഷം രൂപ കൊടുത്താൽ കാരുണ്യ ഹോസ്റ്റലിലെ ഒരു മുറിയുടെ വാതിൽക്കൽ നിങ്ങളുടെ പേര് എഴുതിവയ്ക്കും. അതുകൊണ്ട് എന്താണു ഗുണം? മൂന്നുലക്ഷം രൂപ പോയി എന്നതല്ലാതെ നിങ്ങൾക്ക് ഗുണമൊന്നുമില്ല. പക്ഷേ ദിനകരന്റെ കുടുംബത്തിന് മൂന്നുലക്ഷം രൂപ കിട്ടി. അതാണ് ഇതുകൊണ്ടുള്ള ഗുണം. മൂന്നുലക്ഷം രൂപ കൈവശമുള്ള ഏതു കഴുതയ്ക്കും പങ്കുചേരാം.

10. കൃപാസനം.

കാരുണ്യയുടെ പ്രവർത്തനത്തിന് സംഭാവന കൊടുക്കുന്ന എല്ലാ വിഡ്ഢികളുടേയും പേരുകൾ എഴുതി കാരുണ്യയിലുള്ള കൃപാസനത്തിൽ സൂക്ഷിക്കും. ദൈവം ആ പേരുകൾ കൃപയോടെ വായിക്കുകയും അനേക മടങ്ങു പ്രതിഫലം തരികയുംചെയ്യും.

തീർന്നില്ല, ദിനകരൻ തുടങ്ങിവച്ചതും പോൾ ഈയിടെ രൂപംകൊടുത്തതുമായ നിരവധി തട്ടിപ്പുകൾ വേറെയുമുണ്ട്. പരിപാടി എന്തായാലും എല്ലാം ചെന്നുനിൽക്കുന്നത് ഒരു കാര്യത്തിലാണ്: പണം. ദൈവാനുഗ്രഹം വേണോ? പണം തരിക. ഇതാണ് ദിനകരന്റേയും കുടുംബത്തിന്റേയും മുദ്രാവാക്യം. ഇതിനൊക്കെ പണം കൊടുക്കാൻ ആളുണ്ടാകുമോ എന്ന് സംശയിക്കുന്നവർ കാണും. സംശയം വേണ്ട, ലക്ഷക്കണക്കിനാളുകൾ പണം കൊടുക്കുന്നുണ്ട്. ഇനിയും കൊടുക്കുകയും ചെയ്യും.



# പത്രത്തിനൊരു പേരുവേണം



# മരിച്ചവർ എവിടെ?

## ഏതാനും കോപ്പികൾ സ്റ്റോക്കുണ്ട്

മരിച്ചവർ എവിടെ എന്ന പുസ്തകം പുനഃപ്രകാശനം ചെയ്യാൻ ഉദ്ദേശിക്കുന്ന വിവരമറിഞ്ഞ നിരവധി ആളുകൾ ഈ പുസ്തകത്തിന്റെ കോപ്പികൾ ഇപ്പോൾ ലഭ്യമാണോ എന്ന് അന്വേഷിക്കയുണ്ടായി. പുസ്തകത്തിന്റെ പ്രസാധകരുമായി ബന്ധപ്പെട്ടപ്പോൾ ഏതാനും കോപ്പികൾ സ്റ്റോക്കുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഈ പുസ്തകം ഉടൻ ലഭിക്കാൻ ആഗ്രഹമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

**റീഡേഴ്സ് പബ്ലിക്കേഷൻസ്,**

ബോക്സ് നമ്പർ - 75, എസ്.സി.എസ്. ജംഗ്ഷൻ,

തിരുവല്ല -1. ഫോൺ: 0469-2702844



| RNI No. 68089 / 97 | **THE DEFENDER** | REGISTERED |
| --- | --- | --- |
| 2008 April 16 | | KL/ALY/0031/2006-08 |

# ബില്ലി ഗ്രഹാമിനു തെറ്റിയതെവിടെ?

ബില്ലിഗ്രഹാമിനേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച വാർത്ത കണ്ട് നിരവധി ആളുകൾ വിശദവിവരങ്ങൾ അന്വേഷിക്കയുണ്ടായി. ബില്ലിഗ്രഹാം പറഞ്ഞത് എങ്ങനെ തെറ്റാകും എന്നാണ് മിക്കവരും ചോദിച്ചത്. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നവർക്കുപോലും രക്ഷ എന്ന വിഷയത്തേക്കുറിച്ച് കാര്യമായി ഒന്നും അറിഞ്ഞുകൂടാ എന്ന വസ്തുത ദു:ഖത്തോടെ അറിയിക്കട്ടെ.

ബില്ലിഗ്രഹാമിന് തെറ്റിയതെവിടെ? വളരെ വിശദമായി പറയേണ്ട വിഷയമാണിത്. എങ്കിലും ചുരുക്കി പറയാം. പക്ഷേ ഒരു കണ്ടീഷൻ. ബൈബിളിൽ വ്യക്തമായി പറയുന്ന കാര്യങ്ങൾ, അത് നമ്മുടെ ബുദ്ധിക്ക് അംഗീകരിക്കാനാവാത്തതായാൽക്കൂടി, അംഗീകരിക്കണം.

<u>എല്ലാവരും പാപികളാണ്.</u>

എല്ലാവരും പാപികളാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. യഹൂദനെന്നോ ജാതിയെന്നോ പ്രാകൃതനെന്നോ വ്യത്യാസമില്ല. എല്ലാ മനുഷ്യരും പാപികളാണ്. പാപം ചെയ്തപ്പോൾ എന്താണു സംഭവിച്ചത്? മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ട്. (1 തെസ്സ. 5:23). പാപം ചെയ്തപ്പോൾ മനുഷ്യനിലെ ആത്മാവ് (ആത്മീയാർത്ഥത്തിൽ) മരിച്ചു. ആദാമിൽ നിന്നു ജനിക്കുന്നവരെല്ലാം മരിച്ചവരായാണ് ജനിക്കുന്നത്. ആദാമിൽ എല്ലാവരും മരിക്കുന്നു എന്നു പറയുന്നത് ഈ കാരണത്താലാണ്.

<u>വീണ്ടും ജനിക്കണം.</u>

മരിച്ച ആത്മാവുമായി ജനിക്കുന്ന മനുഷ്യന് അതേസ്ഥിതിയിൽ നിത്യജീവൻ പ്രാപിക്കാനാവില്ല. ആദ്യമായി അവനിലെ ആത്മാവ് ജീവനുളളതായി മാറണം, അവൻ വീണ്ടും ജനിക്കണം. ജീവൻ കൊടുക്കാനുളള കഴിവ് കർത്താവായ യേശുവിനു മാത്രമേയുള്ളൂ. പക്ഷേ പാപവും അതിന്റെ ഫലമായുണ്ടായ മരണവും മനുഷ്യനിൽ നിലനിൽക്കുന്നിടത്തോളം കാലം മനുഷ്യാത്മാവിനെ ജീവിപ്പിക്കാൻ യേശുവിനു കഴിയുകയില്ല. പാപത്തിന്റെ ശമ്പളമായ മരണം പാപി അനുഭവിച്ചേ മതിയാകൂ എന്നതാണ് കാരണം. ഇവിടെ ഒരു വിഷമപ്രശ്നമുണ്ടാകുന്നു. സ്നേഹസ്വരൂപനായ ദൈവം മനുഷ്യനെ ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നീതിമാനായ ദൈവത്തിന് പാപത്തിന്റെ ശമ്പളമായ മരണം മനുഷ്യന് കൊടുക്കാതിരിക്കാനുമാവില്ല. എന്താണ് പോംവഴി?

ഒരു വഴിയേയുള്ളൂ. പാപത്തിന്റെ ശമ്പളമായ മരണം മനുഷ്യനുവേണ്ടി മറ്റൊരാൾ അനുഭവിക്കണം. എല്ലാ മനുഷ്യരും സ്വന്തം പാപത്തിനുവേണ്ടി മരിക്കേണ്ടവരാകയാൽ മറ്റൊരാളുടെ പാപത്തിനുവേണ്ടി മരിക്കാനാവില്ല. പക്ഷേ മനുഷ്യന്റെ പാപം ഏറ്റെടുക്കാൻ ഒരു മനുഷ്യൻ മരിച്ചേ മതിയാകൂ. ഒന്നാമത്തെ ആദത്തിലൂടെ മനുഷ്യരെല്ലാം പാപികളായി. അതുകൊണ്ട് ഒടുക്കത്തെ ആദമായ ക്രിസ്തുവിലൂടെ എല്ലാവർക്കും ജീവിക്കാനുളള വഴി ദൈവംതന്നെ ഒരുക്കി.

കർത്താവായ യേശുക്രിസ്തു എന്താണു ചെയ്തത്? ഞാൻ കൊടുത്തു തീർക്കേണ്ട കടം എനിക്കുവേണ്ടി കൊടുത്തു തീർത്തു. ഞാൻ മരിക്കേണ്ട സ്ഥാനത്ത് എനിക്കുവേണ്ടി മരിച്ചു. യേശുവിലൂടെ മാത്രമേ രക്ഷ പ്രാപിക്കാനാവൂ എന്നു പറയുന്നത് ഈ കാരണത്താലത്രേ.

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ എന്താണു സംഭവിക്കുന്നത്? ആ നിമിഷം വരെ നമ്മുടെമേൽ ഇരുന്ന പാപം കർത്താവിന്റെ മേലാകുന്നു. എന്റെ അക്കൗണ്ടിലുണ്ടായിരുന്ന കടങ്ങളെല്ലാം കർത്താവിന്റെ അക്കൗണ്ടിലാകുന്നു. അങ്ങനെ ഞാൻ വിശദ്ധനായി. കർത്താവായ യേശുക്രിസ്തു എന്റെ പാപങ്ങളുടെ ശിക്ഷയാണ് ഏറ്റതെന്ന് ഞാൻ വിശ്വസിക്കയും കർത്താവായ യേശുവിനെ എന്റെ രക്ഷിതാവായി സ്വീകരിക്കയും ചെയ്തപ്പോൾ ഞാൻ വിശുദ്ധനായി. ഇനി എന്റെ ആത്മാവിനെ ജീവിപ്പിക്കുന്നതിന് തടസ്സമില്ല. യേശുവിനുവേണ്ടി ഞാൻ എന്റെ ഹൃദയം തുറന്നുകൊടുത്തു. യേശു എന്റെ ഹൃദയത്തിൽ കടന്നു. ജീവിപ്പിക്കുന്ന ആത്മാവായ യേശു ഉള്ളിലെത്തിയപ്പോൾ എന്റെ ആത്മാവ് ജീവനുളളതായി മാറി. ഞാൻ വീണ്ടും ജനിച്ചു. പുതിയ സൃഷ്ടിയായി. ഇപ്പോൾ എനിക്ക് ദേഹവും ദേഹിയും മാത്രമല്ല ജീവനുളള ആത്മാവുമുണ്ട്. വീണ്ടുംജനിക്കാതെ ദൈവരാജ്യം കാണാൻ കഴിയുന്നതല്ല എന്നു കർത്താവു പറഞ്ഞത് ഈ കാരണത്താലത്രേ. യഹൂദനും യവനനും ഒന്നുപോലെ പാപികളാണ്. രക്ഷയ്ക്കുളള മാർഗ്ഗവും ഒന്നുതന്നെ, വീണ്ടും ജനിക്കുക. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ മാത്രമേ വീണ്ടുംജനനം നടക്കൂ.

രക്ഷയെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകളുണ്ട്. അവയേക്കുറിച്ചുകൂടി പറയട്ടെ:

1. ദൈവം മനസ്സലിഞ്ഞ് രക്ഷിക്കയാണെന്നും ദൈവത്തിനു കൃപ തോന്നിയാൽ ആരേയും രക്ഷിക്കാനാവുമെന്നും ഒരു ധാരണയുണ്ട്. അതു തെറ്റാണ്. ദൈവം കൃപയുളളവനാണെന്നതു ശരിതന്നെ. ആ കൃപമൂലമാണ് സ്വന്തം പുത്രനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി നൽകിയത്. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർക്കെല്ലാം, തികച്ചും സൗജന്യമായി, രക്ഷ നൽകുന്നതും കൃപമൂലമാണ്. അവിടംകൊണ്ട് കൃപ അവസാനിച്ചു. വീണ്ടും ജനിക്കാത്തവനിൽ ജീവനുളള ആത്മാവില്ല. ചത്ത ആത്മാവിന് യേശുവിനെ കൂടാതെ ജീവിക്കാനാവില്ല. അതുകൊണ്ട് യേശുക്രിസ്തുവിലൂടെ പാപമോചനം പ്രാപിച്ച് വീണ്ടുംജനനം പ്രാപിക്കാത്ത ആരും നിത്യരക്ഷ പ്രാപിക്കുന്നില്ല.

2. ക്രിസ്തുവിനെ അറിയാത്തവരോടു ദൈവം കരുണ കാണിക്കുമെന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. ബൈബിൾ അങ്ങനെ പറയുന്നില്ല. ന്യായപ്രമാണം അറിഞ്ഞിട്ട് പാപം ചെയ്യുന്നവൻ നശിച്ചു പോകുമെന്നതു ശരിതന്നെ. പക്ഷേ ന്യായപ്രമാണം പ്രാപിക്കാത്ത ജാതികൾക്ക് അവരുടെ മന:സാക്ഷിയുടെ പ്രമാണമുണ്ട്. അവൻ ആ പ്രമാണം ലംഘിക്കുന്നതിലൂടെ പാപിയാകുന്നു. മന:സാക്ഷിക്കു വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല എന്നു പറയാൻ ധൈര്യമുളള ആരെങ്കിലുമുണ്ടോ? നിത്യനാശത്തിലേക്കു പോകാൻ പതിനായിരം പാപം വേണ്ട, ഒരു പാപം മതി. അതുകൊണ്ടാണ് എല്ലാവരും പാപം ചെയ്തു എന്നു ബൈബിൾ പറയുന്നത്.

3. ദൈവം എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നു. അതുകൊണ്ടാണ് എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കായി രക്ഷകനെ നൽകിയത്. രക്ഷകനെ അറിഞ്ഞില്ല എന്ന കാരണത്താൽ ദൈവം ആരുടെയെങ്കിലും പാപം ക്ഷമിക്കുമെങ്കിൽ യേശുവിനെ അറിയാത്തവരോട് സുവിശേഷം അറിയിക്കുന്നവരെല്ലാം കൊടിയ പാതകമാണു ചെയ്യുന്നത്. യേശുവിനെ അറിയാതെ അവരെല്ലാം രക്ഷ പ്രാപിക്കുമായിരുന്ന സ്ഥാനത്ത് യേശുവിനേക്കുറിച്ചുളള അറിവ് അവർക്കു കൊടുക്കുകയും യേശുവിനെ സ്വീകരിക്കാത്തവർക്ക് നിത്യശിക്ഷ വാങ്ങിക്കൊടുക്കയും ചെയ്യുകയാണല്ലോ ചെയ്യുന്നത്.

എന്റെ സഹോദരങ്ങളേ, ദൈവവചനം പഠിക്കുക. ''ഇതാ വരുന്നൂ പണം'' എന്ന സ്ഥിരം പല്ലവി പ്രസംഗിച്ചു നടക്കുന്ന ഇന്നത്തെ പ്രസംഗകർ നിങ്ങളെ വഞ്ചിക്കയാണ്. രക്ഷയ്ക്ക് ആധാരമായ തിരുവെഴുത്ത് അവർ പ്രസംഗിക്കുന്നില്ല. യേശുവിനെ അറിയാതെ, യേശുവിനെ കൂടാതെ, രക്ഷപ്രാപിക്കാമെന്ന് ബൈബിൾ പറയുന്നതേയില്ല.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan